2025 FEBRUARY
21
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സംസ്ഥാനത്ത് വ്യവസായങ്ങളുടെ ലൈസൻസ് നടപടികൾ ലഘൂകരിച്ചു

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് സമഗ്രമായ മാറ്റത്തിനൊരുങ്ങുകയാണ് സർക്കാർ. ഇതിനായി 1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ സമഗ്രമായ മാറ്റം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുകയാണെന്ന് മന്ത്രി എം.ബി. രാജേഷ് അറിയിച്ചു.

കൊച്ചിയിൽ നിക്ഷേപകസംഗമം നടക്കുന്ന പശ്ചാത്തലത്തിലാണ് വ്യവസായ മേഖലയിൽ സർക്കാർ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. സംരംഭങ്ങളെ രണ്ടായി തരംതിരിച്ചാണ് ഭേദഗതി. കാറ്റഗറി ഒന്ന് സംരംഭങ്ങൾ എന്നും കാറ്റഗറി രണ്ട് സംരംഭങ്ങൾ എന്നും തിരിക്കും. ഉത്പാദന യൂണിറ്റുകൾ ആദ്യ കാറ്റഗറിയിൽ വരും. അവയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ വൈറ്റ്, ഗ്രീൻ എന്നിവയിലുള്ള യൂണിറ്റുകൾക്ക് പഞ്ചായത്തിൻറെ ലൈസൻസിന് പകരം ഇനി രജിസ്ട്രേഷൻ മാത്രം മതി. ലൈസൻസ് സംബന്ധിച്ച തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അനുമതി വേണ്ട. എന്നാൽ, കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന റെഡ്, ഓറഞ്ച് എന്നീ വിഭാഗത്തിൽപ്പെട്ട യൂണിറ്റുകൾക്ക് ഗ്രാമപഞ്ചായത്തിൻറെ അനുവാദം (ലൈസൻസ്) ആവശ്യമുണ്ട്.

കാറ്റഗറി രണ്ട് സംരംഭങ്ങൾ എന്നു പറയുന്നത് വ്യാപാരം, വാണിജ്യം, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റുകളെ ആണ്. അവയ്ക്ക് എല്ലാത്തിനും സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമാണ്. കൂടാതെ, നിലവിൽ വീടുകളിൽ പ്രവർത്തിക്കുന്ന കുടിൽ വ്യവസായങ്ങൾക്കും വീടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകാൻ വ്യവസ്ഥയില്ല.

ചെറുകിട സംരംഭങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കാൻ അനുവാദമുണ്ട്. ഇത് സംരംഭങ്ങൾക്ക് ബാങ്ക് ലോൺ, ജിഎസ്ടി രജിസ്ട്രേഷൻ കിട്ടാനുൾപ്പെടെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി പരാതികളെത്തിയതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ പെടുന്ന സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വീടുകളിലുൾപ്പെടെ ലൈസൻസ് നൽകാൻ വ്യവസ്ഥ കൊണ്ടുവരും. ആളുകൾ താമസിക്കുന്ന വീടുകളിലും 50 ശതമാനം വരെ ഭാഗം ഇത്തരം സംരംഭക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

ഒരു സംരംഭത്തിന് ഒരിക്കൽ വാങ്ങിയ അനുമതി സംരംഭകൻ മാറുമ്പോൾ സംരംഭകത്വത്തിൽ മാറ്റമില്ലെങ്കിൽ ആ അനുമതി കൈമാറാമെന്നും വ്യവസ്ഥ ചെയ്യും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന വിവരം സർക്കാർ പ്രഖ്യാപിച്ചതാണെന്നും അതിനുവേണ്ടിയുള്ള പ്രവർത്തനം നടന്നുവരികയാണെന്നും മന്ത്രി പറഞ്ഞു. കെട്ടിട നിർമാണച്ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതി നിർദേശിക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവരുന്നതടക്കം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാരിൻറെ പരിഗണനയിലാണെന്നും ഇത് വിശദമായ പരിശോധനയ്ക്ക് ശേഷം നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

സ്വയം സാക്ഷ്യപ്പെടുത്തുന്നതിൻറെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് ആയി ലൈസൻസ് പുതുക്കൽ സാധ്യമാക്കും. നിലവിലുള്ള ഒരു ലൈസൻസ് പുതുക്കുന്നതിന് അന്നുതന്നെ സാധിക്കും.ലൈസൻസ്അനുമതി അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചില്ലെങ്കിൽ ഡീംഡ് ലൈസൻസ് സംവിധാനം പ്രായോഗികമായും സൗകര്യപ്രദമായും ഏർപ്പെടുത്തും.

ലൈസൻസ് ഫീസ് പൂർണമായും മൂലധനനിക്ഷേപത്തിൻറെ അടിസ്ഥാനത്തിലാക്കും. കുറഞ്ഞ മൂലധന നിക്ഷേപം ഉള്ള സംരംഭകരെ സഹായിക്കുന്നതിനായി കുറഞ്ഞ തുകയ്ക്ക് പ്രത്യേകം സ്ലാബ് നിശ്ചയിക്കും. മൂലധന നിക്ഷേപം കണക്കാക്കുന്നതിൽ നിന്നും ഭൂമിയുടെയും കെട്ടിടത്തിൻറെയും വില ഒഴിവാക്കുന്നത് പരിഗണിക്കും.

സ്ഥാപനങ്ങൾക്കെതിരെ വരുന്ന പരാതികളിൽ ബന്ധപ്പെട്ട വിദഗ്ധ സ്ഥാപനങ്ങളുടെ ഉപദേശം തേടി സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ സംവിധാനം ഏർപ്പെടുത്തും. പഞ്ചായത്തുകളുടെയോ സെക്രട്ടറിമാരുടെയോ ചുമതലകളിൽപെട്ട വിഷയങ്ങൾക്ക് മാത്രമേ പരിശോധന നടത്താൻ പാടുള്ളൂ.

സാമ്പത്തിക വർഷം ലൈസൻസിൻറെ കാലാവധി അവസാനിക്കുമെന്ന വ്യവസ്ഥ ഒഴിവാക്കി. ഒരു വർഷത്തെ ലൈസൻസ് കാലാവധി ലൈസൻസ് തീയതി മുതൽ ഒരു വർഷം തന്നെ ആക്കി നിശ്ചയിച്ചു.



# ഇസ്രയേലിൽ ബസുകളിൽ സ്ഫോടന പരമ്പര; ഭീകരാക്രമണമെന്ന് സംശയം, സുരക്ഷ ശക്തമാക്കി

**ടെൽ അവീവ്:** ഇസ്രയേലിൽ ബസുകളിൽ സ്ഫോടന പരമ്പര. ടെൽ അവീവിന്റെ പ്രാന്ത പ്രദേശമായ ബാത് യാമിലും ഹോളോണിലും നിർത്തിയിട്ടിരുന്ന മൂന്ന് ബസുകളിൽ വ്യാഴാഴ്ച രാത്രിയാണ് സ്ഫോടനമുണ്ടായത്. ആളപായമില്ല. സംഭവം ഭീകരാക്രമണമാണെന്ന് സംശയിക്കുന്നതായി ഇസ്രയേൽ പൊലീസ് പറഞ്ഞു.

മറ്റു രണ്ട് ബസുകളിലെ സ്ഫോടക വസ്തുക്കൾ പൊലീസ് നിർവീര്യമാക്കിയിട്ടുണ്ട്. ഒക്ടോബർ 7ലെ ആക്രമണത്തിൽ ബന്ദികളാക്കിയവരിൽ കൊല്ലപ്പെട്ട നാലുപേരുടെ മൃതദേഹങ്ങൾ ഹമാസ് ഇസ്രയേലിനു കൈമാറിയതിനു പിന്നാലെയാണ് സ്ഫോടനങ്ങൾ. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നതായും വെസ്റ്റ് ബാങ്കിൽ പരിശോധന നടത്താൻ സൈന്യത്തിന് നിർദേശം നൽകിയതായും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ ഓഫിസ് അറിയിച്ചു.

കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് സുരക്ഷാ നടപടികൾ വർധിപ്പിക്കാൻ പൊലീസിനും ആഭ്യന്തര സുരക്ഷാവിഭാഗമായ ഷിൻ ബെറ്റിനും നെതന്യാഹു നിർദേശം നൽകി. ഗതാഗതം നിർത്തിവച്ച് എല്ലാ ബസുകളിലും ട്രെയിനുകളിലും പരിശോധന നടത്താൻ ഇസ്രയേൽ ഗതാഗത മന്ത്രി മിറി റെഗേവ് ഉത്തരവിട്ടു. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ മൊറോക്കോ സന്ദർശനം വെട്ടിച്ചുരുക്കി മിറി ഇസ്രയേലിലേക്ക് തിരിച്ചെന്നാണ് സൂചന.

# ആയുധങ്ങൾ 7 ദിവസത്തിനകം തിരികെ ഏൽപ്പിക്കണം: മണിപ്പൂർ ജനതയ്ക്ക് അന്ത്യശാസനയുമായി ഗവർണർ

**ഇംഫാൽ:** കൊള്ളയടിച്ചതും അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമായ ആയുധങ്ങൾ തിരികെ നൽകണമെന്ന് മണിപ്പൂർ ജനതയ്ക്ക് ഗവർണറുടെ അന്ത്യശാസനം. ഏഴു ദിവസത്തിനുള്ളിൽ ആയുധങ്ങൾ തിരിച്ചേൽപ്പിക്കണമെന്നും അങ്ങനെ ചെയ്യുന്നവർക്കെതിരെ ശിക്ഷാ നടപടികളുണ്ടാവില്ലെന്നും ഗവർണർ അജയ് കുമാർ ഭല്ല പറഞ്ഞു. അതേസമയം, ഒരാഴ്ചയ്ക്കു ശേഷവും ആയുധം കൈവശം വയ്ക്കുന്നവർക്കെതിരെ കടുത്ത നടപടിയുണ്ടാകുമെന്നും ഗവർണർ മുന്നറിയിപ്പ് നൽകി.

സമാധാനത്തെയും സാമുദായിക സൗഹാർദത്തെയും ബാധിച്ച ദൗർഭാഗ്യകരമായ സംഭവവികാസങ്ങൾ കാരണം മണിപ്പൂരിന്റെ താഴ്വരയിലും പർവതപ്രദേശങ്ങളിലുമുള്ള എല്ലാ ജനങ്ങളും കഴിഞ്ഞ 20 മാസമായി ദുരിതമനുഭവിക്കുകയാണ്. സംസ്ഥാനത്ത് സമാധാനം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായും ജനങ്ങളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനും പരസ്പര ശത്രുത അവസാനിപ്പിച്ച് ക്രമസമാധാനം തിരിച്ചുപിടിക്കാൻ സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളും മുന്നോട്ടുവരണമെന്നും ഭല്ല പ്രസ്താവനയിൽ അറിയിച്ചു.

ഇതിനായി പ്രത്യേകിച്ചും, യുവാക്കൾ ആയുധങ്ങൾ അടുത്ത പൊലീസ് സ്റ്റേഷനിലോ സൈനിക ക്യാംപിലോ ഔട്ട്പോസ്റ്റുകളിലോ ഏൽപ്പിക്കണം. ആയുധം തിരികെ നൽകുന്ന ഈ ചെറിയ പ്രവൃത്തി മണിപ്പൂരിൽ സമാധാനം ഉറപ്പാക്കുന്നതിലേക്കുള്ള ശക്തമായ സന്ദേശമാകുമെന്നും ഗവർണർ പറഞ്ഞു. സംസ്ഥാനത്ത് സമാധാനം തിരികെക്കൊണ്ടുവന്ന് യുവാക്കളുടെ ഭാവി സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഭല്ല കൂട്ടിച്ചേർത്തു. മണിപ്പൂരിൽ രാഷ്ട്രപതി ഭരണമേർപ്പെടുത്തി ദിവസങ്ങൾക്കുശേഷമാണ് ഗവർണറുടെ ഉത്തരവ്.



# 6.90 കോടിയുടെ സംരംഭക വായ്പകൾ ലഭ്യമാക്കി നോർക്ക കാനറാ ബാങ്ക് പ്രവാസി  ബിസിനസ് ലോൺ ക്യാമ്പ്

**തൃശ്ശൂർ:** തൃശ്ശൂർ പാലക്കാട് ജില്ലകളിലെ പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും കാനറാ ബാങ്കും സംയുക്തമായി സംഘടിപ്പിച്ച ബിസിനസ് ലോൺ ക്യാമ്പിൽ 6.90 കോടി രൂപയുടെ  സംരംഭകവായ്പകൾക്ക് ശിപാർശ നൽകി. തൃശ്ശൂർ കേരളാബാങ്ക് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ 108 പ്രവാസിസംരംഭകരാണ് പങ്കെടുക്കാനെത്തിയത്. ഇവരിൽ 63 പേരുടെ പദ്ധതികൾക്ക് കാനറാ ബാങ്ക് വഴിയും 7  പേർക്ക് മറ്റു ബാങ്കുകൾ മുഖേനയുമാണ് നോർക്ക വഴി വായ്പയ്ക്ക് ശിപാർശ നൽകിയത്.  18 പേരുടെ അപേക്ഷ പുന:പരിശോധനയ്ക്കുശേഷം പരിഗണിക്കും. 7 സംരംഭകരുടെ പദ്ധതി പുന:പരിശോധനയ്ക്കു വിട്ടു. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരമായിരുന്നു  ക്യാമ്പ്. രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലി ചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും സഹായിക്കുന്നതാണ് പദ്ധതി.

# റവന്യൂ ബഹുമതി തിളക്കത്തിൽ എറണാകുളം ജില്ല

**കൊച്ചി :** അർഹതയ്ക്കുള്ള അംഗീകാരത്തെ ഉറപ്പിക്കുന്നതാണ് എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിനു മികച്ച കളക്ടർക്കുള്ള പുരസ്കാരം.

കേരളം സാക്ഷ്യം വഹിച്ച വ്യത്യസ്തമായ ഒരു ദുരന്തം കൈകാര്യം ചെയ്യുക എന്ന ദൗത്യവുമായാണ് അദ്ദേഹം ജില്ലാ കളക്ടറുടെ ചുമതലയേറ്റെടുക്കുന്നത്. കൊച്ചിയെ ശ്വാസം മുട്ടിച്ച് ബ്രഹ്മപുരത്ത് മാലിന്യക്കൂമ്പാരത്തിനുണ്ടായ തീപിടുത്തം നേരിട്ടതിൽ അദ്ദേഹത്തിന്റെ നേതൃപാടവവും ഏകോപനശേഷിയും നിർണായകമായിരുന്നു. ഇതു കൂടാതെ കളമശ്ശേരി ബോംബ് സ്ഫോടന വിഷയവും കരുതലും കൈത്താങ്ങും താലൂക്ക് അദാലത്തുകളും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതും റീ സർവെയും ലോക്സഭ തെരഞ്ഞെടുപ്പും കൊച്ചിയിലെ കനാൽ നവീകരണവുമെല്ലാം അദ്ദേഹത്തിന്റെ കർമശേഷിയെ ഊട്ടിയുറപ്പിച്ചു.

വെല്ലുവിളികൾ നിറഞ്ഞ ചുറ്റുപാടുകളിൽ നിന്നു ജില്ലയെ സുരക്ഷിതമാക്കാൻ വഹിച്ച നിസ്വാർത്ഥമായ സേവനമാണ് 2025ലെ മികച്ച ജില്ലാ കളക്ടർ എന്ന ബഹുമതിയിലേക്ക് അദ്ദേഹത്തെ എത്തിച്ചത്.

മികച്ച ജില്ലാ കളക്ടർക്കുള്ള പുരസ്കാരത്തിനൊപ്പം സബ് കളക്ടർക്കുള്ള പുരസ്കാരവും എറണാകുളം ജില്ല സ്വന്തമാക്കി. മികച്ച സബ് കളക്ടറായി ഫോർട്ട് കൊച്ചി സബ് കളക്ടർ കെ മീരയെയാണ് തിരഞ്ഞെടുത്തത്. ഒപ്പം ഡിജിറ്റൽ സർവെയുടെ ബെസ്റ്റ് പെർഫോമർ നേട്ടത്തിനും കെ മീര അർഹയായി.

സംസ്ഥാനത്തെ മികച്ച റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർക്കുള്ള പുരസ്കാരത്തിന് വി ഇ അബ്ബാസും അർഹനായി. കൊച്ചി തഹസിൽദാർ എസ് ശ്രീജിക്ക് മികച്ച തഹസിൽദാറായും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച തഹസിൽദാർ ആയി തിരഞ്ഞെടുക്കപ്പെട്ട സുനിത ജേക്കബ് നിലവിൽ കൊച്ചിയുടെ തഹസിൽദാർ ആണ്. 2024ൽ തൃശൂർ തഹസിൽദാർ ആയിരുന്നപ്പോൾ ഉള്ള സേവനത്തിനാണ് അവാർഡ് . മികച്ച തഹസിൽദാർ ആയി തിരഞ്ഞെടുക്കപ്പെട്ട കെ എം നാസറും എറണാകുളം ജില്ലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചേർത്തല തഹസിൽദാർ ആയിരുന്നപ്പോൾ നൽകിയ സേവനങ്ങൾക്കാണ് ബഹുമതി.

സംസ്ഥാനത്തെ മികച്ച റവന്യൂ ഡിവിഷണൽ ഓഫീസായി ഫോർട്ടുകൊച്ചിയെ തിരഞ്ഞെടുത്തപ്പോൾ വാളകം മികച്ച വില്ലേജ് ഓഫീസിനുള്ള പുരസ്കാരവും സ്വന്തമാക്കി. മികച്ച പ്രവർത്തനം കാഴ്ചവച്ച ഓഫീസുകൾക്കുള്ള അംഗീകാരത്തിന് തൃക്കാക്കര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസും അർഹത നേടി.

മാറാടി വില്ലേജ് ഓഫീസർ സൈജു ജോർജ്, വേലൂർകുന്നം വില്ലേജ് ഓഫീസർ പി എ ഹംസ, കോതമംഗലം വില്ലേജ് ഓഫീസർ എം എസ് ഫൗഷി എന്നിവർ മികച്ച വില്ലേജ് ഓഫീസർമാർക്കുള്ള പുരസ്കാരവും നേടി.

മികച്ച കളക്ടറേറ്റ്, ജില്ലാ കളക്ടർ തുടങ്ങി വില്ലേജ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്കും വിവിധ ഓഫീസുകൾക്കും സർവെ ഭൂരേഖ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർക്കുമാണ് റവന്യൂ അവാർഡുകൾ വിതരണം ചെയ്യുന്നത്. ഫെബ്രുവരി 24 റവന്യൂ ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ബഹുമതികൾ സമ്മാനിക്കും.

## എറണാകുളം ഗവ. എസ് ആർ വി ഹയർസെക്കൻഡറി സ്കൂളിൽ ജലപരിശോധന ലാബ് ആരംഭിച്ചു

**കൊച്ചി :** മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ഹരിത കേരളം മിഷനും വിദ്യാഭ്യാസ വകുപ്പും കൊച്ചി നഗരസഭയും ചേർന്ന് എറണാകുളം എസ് ആർ വി ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ജലപരിശോധന ലാബിന്റെ ഉദ്ഘാടനം കൊച്ചി നഗരസഭ വിദ്യാഭ്യാസ സമിതി ചെയർമാൻ വി എ ശ്രീജിത്ത് നിർവഹിച്ചു.  ചടങ്ങിൽ ബിജു എ എൻ (പ്രിൻസിപ്പൽ), രാഖി പീ ധന്യ രാമചന്ദ്രൻ , നിസ .എ. (ഹരിതകേരളം മിഷൻ) , ആൻ വലന്റീന (ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ ) അനുപമ എച്ച് എസ് എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

# വിവാഹിതരായവരുടെ വിലാസം നൽകി കബളിപ്പിച്ചു, മാട്രിമോണി സ്ഥാപനം നഷ്ടപരിഹാരം നൽകാൻ ഉത്തരവ്

**കൊച്ചി:** വിവാഹിതരായ പെൺകുട്ടികളുടെ വിലാസം നൽകി കബളിപ്പിച്ച വിവാഹ ബ്യൂറോ 14,000 രൂപ ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവ്.

എറണാകുളം, ചേരാനല്ലൂർ സ്വദേശി ഗോപാലകൃഷ്ണൻ സമർപ്പിച്ച പരാതിയിലാണ് കമ്മിഷന്റെ ഉത്തരവ്.

മകന് വധുവിനെ കണ്ടെത്താനാണ് മലപ്പുറം തിരൂരിൽ പ്രവർത്തിക്കുന്ന ലക്ഷ്മി മാട്രിമോണി എന്ന സ്ഥാപനത്തെ പരാതിക്കാരൻ സമീപിച്ചത്. 2000 രൂപ ഫീസായി നൽകിയ പരാതിക്കാരന് 8 പെൺകുട്ടികളുടെ വിശദാംശങ്ങളാണ് എതിർകക്ഷി നൽകിയത്.

അതിൽ 7 പെൺകുട്ടികളും നേരത്തെ വിവാഹിതരായിരുന്നു. ശേഷിച്ച ഒരു പെൺകുട്ടിയുടെ പൂർണമായ വിവരം എതിർകക്ഷി നൽകിയില്ല.

പരാതിക്കാരൻ പല പ്രാവശ്യം എതിർകക്ഷിയെ ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും വിവരങ്ങൾ നൽകാൻ അവർ തയ്യാറായില്ല.

എതിർകക്ഷി ആവശ്യപ്പെട്ട പണം നൽകിയിട്ടും സേവനം കൃത്യമായി നൽകുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി എന്നും ഇതുമൂലം ഏറെ മന:ക്ലേശവും ധനനഷ്ടവും വന്നു വെന്നും പരാതിപ്പെട്ടാണ് കമ്മിഷനെ സമീപിച്ചത്.

മകന് യോജ്യരായ പെൺകുട്ടികളെ കണ്ടെത്താൻ വിവാഹ ബ്യൂറോയെ സമീപിച്ച പരാതിക്കാരനെ തെറ്റിദ്ധരിപ്പിക്കുകയും ഇതു മൂലം ധനനഷ്ടവും മന:ക്ലേശവും ഉണ്ടായി എന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ ഇത് അധാർമികമായ വ്യാപാര രീതിയാണെന്ന് നിഗമനത്തിലാണ് ഡി.ബി ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ, ടിഎൻ ശ്രീവിദ്യ എന്നിവരുടെ ബെഞ്ച് വിധി പറഞ്ഞത്.

വിവാഹ ബ്യൂറോ പരാതിക്കാരിൽ നിന്ന് ഫീസായി വാങ്ങിയ 2000 രൂപ, 7000 രൂപ നഷ്ടപരിഹാരവും 5000 രൂപ കോടതി ചെലവ് സഹിതം 45 ദിവസത്തിനകം എതിർകക്ഷി പരാതിക്കാരനെ നൽകണമെന്ന് നിർദ്ദേശിച്ചു.

പരാതിക്കാരന് വേണ്ടി അഡ്വക്കറ്റ് മിഷാൽ. എം.ദാസൻ ഹാജരായി.



# ‘ഗുട്ടൻബർഗ് മുതൽ സക്കർബർഗ്’ വരെ ശ്രദ്ധേയമായി മാധ്യമ സെമിനാർ

**കൊച്ചി:** നവമാധ്യമങ്ങളുടെ ചരിത്രവും സാധ്യതകളും ചർച്ച ചെയ്ത് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഏകദിന സാമൂഹ്യ മാധ്യമ പരിശീലന പരിപാടി. ‘ഗുട്ടൻബർഗ് മുതൽ സക്കർബർഗ് വരെ’ എന്ന പേരിൽ കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ നടന്ന പരിപാടി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ടി .വി സുഭാഷ് ഉദ്ഘാടനം ചെയ്തു.

സമൂഹ മാധ്യമങ്ങൾ അനുനിമിഷം വളർന്നു കൊണ്ടിരിക്കുകയാണെന്നും അതിനൊപ്പം നമ്മളും മാറേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പി. ആർ പ്രൊഫഷണലുകൾ എന്ന നിലയിൽ സാമൂഹിക മാധ്യമങ്ങളുടെ സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയണം. അതേ സമയം സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ സ്വന്തം നിലയിൽ സൂക്ഷ്മ പരിശോധന ഏറെ പ്രധാനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവമാധ്യമങ്ങളുടെ സാധ്യതകളെ അടിസ്ഥാനമാക്കി ഒരുക്കിയ സെമിനാർ പ്രശസ്ത കോളമിസ്റ്റും പി.ആർ പ്രൊഫഷണലുമായ റാംമോഹൻ പാലിയത്താണ് നയിച്ചത്. സാമൂഹിക മാധ്യങ്ങൾ എങ്ങനെ മനുഷ്യ മനസ്സുകളെ സ്വാധീനിക്കുന്നു, ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം, സാമൂഹിക മാധ്യമങ്ങളുടെ പ്രചാരണ ശേഷി എത്രത്തോളമാണ് , ഏങ്ങനെ ട്രാക്ക് ചെയ്യാം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

വകുപ്പിലെ അസി. എഡിറ്റർമാർക്കും അസി. ഇൻഫർമേഷൻ ഓഫീസർക്കുമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

കേരള മീഡിയ അക്കാദമി സെക്രട്ടറി അനിൽ ഭാസ്കർ, പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ നിജാസ് ജ്യുവൽ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി ബിജു, അസിസ്റ്റന്റ് ഡയറക്ടർ എ.ടി. രമ്യ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എം.എൻ സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

# ആലുവ വിത്തുല്പാദന കേന്ദ്രത്തെ രാജ്യത്തെ ഏറ്റവും മികച്ച ഫാം ആക്കും : മന്ത്രി പി. പ്രസാദ്

**കൊച്ചി:** ഇന്ത്യയിലെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായ ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തെ എല്ലാ അർഥത്തിലും രാജ്യത്തെ ഒന്നാം നമ്പർ ഫാമാക്കി മാറ്റുമെന്ന് കൃഷിമന്ത്രി പി . പ്രസാദ് പറഞ്ഞു. സംസ്ഥാന കൃഷിവകുപ്പ് നബാർഡ് ആർ ഐ ഡി എഫ് പദ്ധതിക്ക് കീഴിൽ ഫാമിൽ നടത്തുന്ന സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആധുനിക കൃഷിരീതികൾ പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം നടപ്പാക്കുന്നത് കർഷന്റെ കൃഷിയിടത്തിൽ ആകരുത്. ഫാമുകളിൽ പുത്തൻ കൃഷിരീതികൾ പരീക്ഷണ അടിസ്ഥാനത്തിൽ നടത്തുകയും, അതിന്റെ പ്രായോഗികതലത്തിലുള്ള പ്രയോഗങ്ങൾ കണ്ട് മനസ്സിലാക്കാൻ കർഷകന് അവസരമൊരുക്കുകയും വേണം . ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലയിൽ കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ ചൂഷണത്തിൽ നിന്നും ഫാമുകൾ കർഷകരെ സംരക്ഷിക്കുന്നു.

ഫാമുകളെ നിധി കാക്കുന്നത് പോലെ നമ്മൾ സംരക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് കൃഷിഫാമുകളുടെ കാര്യത്തിൽ നല്ല ശ്രദ്ധ പുലർത്തുന്നുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡിന്റെ പൊതുനന്മ ഫണ്ട് ഉപയോഗിച്ച് ഫാമിലേക്ക് അനുവദിച്ച ബോട്ട് ഉടൻ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. വലിയ അളവിലുള്ള ഭക്ഷ്യവസ്തുക്കൾ ആവശ്യമായി വരുന്ന കാലമാണ് വരുന്നത്. സാധ്യമായ എല്ലാ ഇടങ്ങളിലും കൃഷി ആരംഭിക്കണമെന്നും ഒരിഞ്ച് ഭൂമി പോലും തരിശിടാതെ കൃഷിയോഗ്യമാക്കി മാറ്റണമെന്നുംമന്ത്രി പറഞ്ഞു.

7.74 കോടി രൂപ അടങ്കൽ തുക വരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തിയിൽ തൂക്കു പാലം, ഫെൻസിങ്, ഫാം റോഡ്, കോൺഫറൻസ് ഹാൾ, മത്സ്യക്കുളം, തൊഴിലാളികൾക്കായുള്ള

വിശ്രമ മുറി, തൊഴുത്തുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. കെഎൽഡിസി യാണ് പദ്ധതി നടപ്പിലാക്കുന്നത്.

# മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് സൗജന്യ പരീക്ഷാ പരിശീലനം

**ആലുവ:** സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി /പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്ലസ് വൺ പാസായതും, പ്ളസ് ടു ക്ലാസ്സിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് 2025 ലെ മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസിനുള്ള സൗജന്യ പരിശീലനം ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു.

പട്ടികജാതി/പട്ടിക വർഗ വിഭാഗക്കാർക്ക് 70 ശതമാനം സീറ്റും ഒരു ലക്ഷത്തിൽ താഴെ വരുമാന മുള്ള ഒ ബി സി/ ഇ സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റും അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം (ഒ.ബി.സി) എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം മാർച്ച് 20ന് മുമ്പ് ഈ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. (വിശദവിവരങ്ങൾക്ക് ഫോൺ 04842623304 നമ്പറിൽ രാവിലെ 10 നും അഞ്ചിനു ഇടയിൽ ബന്ധപ്പെടാം.

# പരമ്പരാഗത വിത്തുത്സവം: സംസ്ഥാനതല ഉദ്ഘാടനം 22 ന്

**തിരുവനന്തപുരം:** പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രചാരണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22, 23, 24 തീയതികളിൽ ആലപ്പുഴ കഞ്ഞിക്കുഴി പഞ്ചായത്ത് അങ്കണത്തിൽ സംസ്ഥാനതല പരമ്പരാഗത വിത്തുൽസവം നടക്കും.

പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശനവും വിപണനവും വിത്ത് സംരക്ഷിക്കുന്ന കർഷകരുടെ അനുഭവം പങ്കുവെയ്ക്കലും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ, പരമ്പരാഗത ഭക്ഷ്യമേള, കലാപരിപാടികൾ എന്നിവയും ഉണ്ടാവും.

ഫെബ്രുവരി22ന് രാവിലെ 9.30 ന് കൃഷി മന്ത്രി പി. പ്രസാദ് പരമ്പരാഗത വിത്തുൽസവ പ്രദർശന സ്റ്റാൾ ഉദ്ഘാടനം ചെയ്യും. പതിനാലു ജില്ലകളിൽ നിന്നായി അൻപതോളം സ്റ്റാളുകളുണ്ടാവും. വൈകുന്നേരം 3 മണിക്ക് സാംസ്കാരിക ഘോഷയാത്രയോടെ ആരംഭിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷനാകും. ഫിഷറീസ് സാംസ്കാരിക യുവജന ക്ഷേമ വകുപ്പ് മന്ത്രി സജി ചെറിയാൻ വിത്തുൽസവം ഉദ്ഘാടനം ചെയ്യും. 24 ന് നടക്കുന്ന സമാപന സമ്മേളനം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യും.

# അഭിമുഖം

**തിരുവനന്തപുരം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുകീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഫെബ്രുവരി 22 ന് രാവിലെ 10ന് വിവിധ തസ്തികകളിൽ അഭിമുഖം നടക്കും. കസ്റ്റമർ റിലേഷൻസ് മാനേജർ, സെയിൽസ് എക്സിക്യൂട്ടീവ്, മാർക്കറ്റിങ് എക്സിക്യൂട്ടീവ്, സെയിൽസ് ട്രെയിനർ, സീനിയർ സെയിൽസ് ഓഫീസർ, എച്ച്.ആർ എക്സിക്യൂട്ടീവ്, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, ടെലിമാർക്കറ്റിങ് എക്സിക്യൂട്ടീവ്, അക്കാഡമിക് കൗൺസലർ, ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, ടീം ലീഡർ, മാനേജർ, അസിസ്റ്റന്റ് മാനേജർ, ഡെപ്യൂട്ടി മാനേജർ തസ്തികകളിലാണ് ഇന്റർവ്യൂ. പ്രായപരിധി 40 വയസ്. പ്രവൃത്തിപരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അപേക്ഷിക്കാം. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗാർഥികൾ ഓഫീസുമായി ബന്ധപ്പെട്ട് മുൻകൂട്ടി രജിസ്ട്രേഷൻ ഉറപ്പ് വരുത്തണം. ഫോൺ: 04712992609.

# സെലക്ഷൻ ട്രയൽ 22ന്

**തിരുവനന്തപുരം:** കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലേക്കും അക്കാദമികളിലേക്കും 2025 26 അധ്യയനവർഷത്തിലേക്കുള്ള 6, 7, 8, +1 ക്ലാസുകളിലേക്ക് കായിക അഭിരുചിയുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് (ജനുവരിയിൽ നടന്ന സെലക്ഷനിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് ഫെബ്രുവരി 22 ന് തിരുവന്തപുരം ജി.വി രാജ സ്പോർട്സ് സ്കൂളിലും, കണ്ണൂർ സ്പോർട്സ് സ്കൂളിലും കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും നടക്കും. വിശദവിവരങ്ങൾക്ക്: 04712326644.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ഡിടിപിസിയുടെ കീഴിലുള്ള മലയാറ്റൂർ മണപ്പാട്ടുചിറയിലെ കുട്ടികളുടെ പാർക്ക്, ഇപ്പോൾ എങ്ങിനെയാണോ ആ അവസ്ഥയിൽ നിബന്ധനകൾക്ക് വിധേയമായി കരാർ വ്യവസ്ഥയിൽ മൂന്നു വർഷം നടത്തിപ്പിനു നൽകുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ മത്സരാടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചു.
ടെൻഡർ ഫോം ഫെബ്രുവരി 24 മുതൽ ഡിടിപിസി ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കും. പൂരിപ്പിച്ച ടെൻഡറുകൾ മാർച്ച് ആറിന് ഉച്ചയ്ക്ക് 1.30 വരെ സ്വീകരിക്കും.
വിവരങ്ങൾക്ക് ഫോൺ 04842367334.

# ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം പ്രവർത്തനങ്ങൾ ശക്തമാക്കണം: മന്ത്രി വീണാ ജോർജ്

## മഴക്കാലപൂർവ ശുചീകരണം: മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

**തിരുവനന്തപുരം:** ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം പകർച്ചവ്യാധികൾക്കെതിരെ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ജില്ലകൾ ഉറപ്പാക്കണം. ഫീൽഡ്തലത്തിലും ജില്ലാതലത്തിനും സംസ്ഥാനതലത്തിലും കൃത്യമായി പ്രവർത്തനങ്ങൾ നടത്തണം. പൊതുജനാരോഗ്യ സമിതികൾ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. പൊതുജനരോഗ്യ നിയമ പ്രകാരം പകർച്ചവ്യാധി പ്രതിരോധത്തിന് ശക്തമായ നടപടി സ്വീകരിക്കണം. നിപ പ്രതിരോധ പ്രവർത്തനങ്ങളും ശ്രദ്ധിക്കണം. കഠിനമായ ചൂടും തുടർന്നുണ്ടാകാൻ സാധ്യതയുള്ള ഇടവിട്ടുള്ള മഴയും കാരണം പകർച്ചവ്യാധികൾ വർധിക്കാൻ സാധ്യതയുണ്ട്. അത് മുന്നിൽ കണ്ട് പകർച്ചവ്യാധി പ്രതിരോധം ശക്തമാക്കാൻ മന്ത്രി ജില്ലകൾക്ക് നിർദേശം നൽകി. ആശുപത്രികൾ സജ്ജമായിരിക്കണം. മരുന്ന് ലഭ്യത ഉറപ്പാക്കാനും നിർദേശം നൽകി. മഴക്കാലപൂർവ ശുചീകരണവും പകർച്ചവ്യാധി പ്രതിരോധവും സംബന്ധിച്ച ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വെള്ളത്തിന്റെ ക്ഷാമം ഉണ്ടാകുമ്പോൾ വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഹെപ്പറ്റൈറ്റിസ് എ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സമൂഹസദ്യകൾ നൽകുന്നവർ ഉൾപ്പെടെ ശുദ്ധമായ ജലം ഉപയോഗിക്കണം. തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതാണ് ഏറ്റവും നല്ലത്. ശീതള പാനീയങ്ങൾ വിൽക്കുന്നവരും ഹോട്ടലുകളും പ്രത്യേകം ശ്രദ്ധിക്കണം. പരിശോധനകൾ ശക്തമാക്കും. ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ ഇപ്പോഴും പല സ്ഥലങ്ങളിലുമുണ്ട്. മൂന്ന് ദിവസത്തിലധികം നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളോ കണ്ടാൽ വിദഗ്ധ ചികിത്സ തേടണം. പനിയോ വയറിളക്കമോ ഉള്ളവർ ധാരാളം വെള്ളവും പാനീയങ്ങളും കുടിക്കണം.

പല സ്ഥലങ്ങളിലും ഇടവിട്ട് മഴ പെയ്യുന്നതിനാൽ ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണം.

എലിപ്പനിയ്ക്കെതിരെ ജാഗ്രത പുലർത്തണം. മലിനജലത്തിൽ ജോലി ചെയ്യേണ്ടി വരുന്നവരും ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടേണ്ടി വരുന്നവരും ആഴ്ചയിൽ ഒരിക്കൽ ഡോക്സിസൈക്ലിൻ 100 മില്ലീ ഗ്രാമിന്റെ രണ്ട് ഗുളിക ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്. വേനൽക്കാലത്ത് ജലസ്രോതസുകളിൽ വെള്ളം മലിനമാകാൻ സാധ്യതയുള്ളതിനാൽ അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാവരും ശ്രദ്ധിക്കണം. സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# മികച്ച ഭക്ഷണ ശീലത്തിന് വിപുലമായ ബോധവൽക്കരണ പരിപാടികൾ 22 ന് വാക്കത്തോൺ സംഘടിപ്പിക്കും

**കൊല്ലം:** പൊതുജനങ്ങളിൽ സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണ ശീലം വളർത്തിയെടുക്കുന്നതിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി രാജ്യ വ്യാപകമായി നടപ്പാക്കുന്ന 'ഈറ്റ് റൈറ്റ് ഇന്ത്യ' പദ്ധതിയുടെ ഭാഗമായി ജില്ലാ ഭക്ഷ്യസുരക്ഷാ വകുപ്പ് വിവിധ പരിപാടികൾ നടത്തുന്നു. ഫെബ്രുവരി 22 ന് രാവിലെ 7ന് ആശ്രാമം മൈതാനിയിൽ നിന്നും ആരംഭിച്ച് കൊല്ലം ബീച്ചിൽ സമാപിക്കുന്നവിധം വാക്കത്തോൺ സബ്കളക്ടർ നിഷാന്ത് സിഹാര ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന് എസ്.എൻ കോളജ് എൻ.എസ്.എസ് യൂണിറ്റ് നാടകം അവതരിപ്പിക്കും. ഫെബ്രുവരി 24 രാവിലെ ഒമ്പത് മുതൽ കൊല്ലം സി.കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ ഈറ്റ് റൈറ്റ് മേളയുടെ ഭാഗമായി പോസ്റ്റർ രചനാ മത്സരം, മില്ലറ്റ് റസിപ്പി മത്സരം, പാനൽ ചർച്ച, സ്പോട്ട് ക്വിസ്, സാംസ്കാരിക പരിപാടിയും നടത്തും.രാവിലെ 9.30ന് ജില്ലാകലക്ടർ എൻ. ദേവീദാസ് ഉദ്ഘാടനം നിർവഹിക്കും. ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ റ്റി.എസ് വിനോദ്കുമാർ അധ്യക്ഷനാകും. നോഡൽ ഭക്ഷ്യ സുരക്ഷാ ഓഫീസർ എ.അനീഷ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ. എ.അനിത, ജില്ലാ സപ്ലൈ ഓഫീസർ എസ്.ഒ ബിന്ദു, ഡി.പി.എം എൻ.എച്ച്.എം ഡോ.ദേവ്കിരൺ, ജില്ലാ കുടുംബശ്രീ മിഷൻ കോഓർഡിനേറ്റർ ആർ. വിമൽ ചന്ദ്രൻ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ പി . ബിജി തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് മാറുന്ന ഭക്ഷണശീലങ്ങൾ വിഷയത്തിൽ ചർച്ച നടത്തും. ഉച്ചയ്ക്ക് രണ്ട് മുതൽ മേടയിൽ മുക്ക് രേവതി കലാക്ഷേത്ര നൃത്ത വിദ്യാലയം ക്ലാസിക്കൽ ഫ്യൂഷൻ, എസ്.എൻ കോളജ് വിദ്യാർഥികൾ നാടൻപാട്ട്, നാടകം എന്നിവ അവതരിപ്പിക്കും. വകിട്ട് മൂന്നിന് സമ്മാനവിതരണത്തോടെ പരിപാടി സമാപിക്കും.

# ഓക്സിലറി ഗ്രൂപ്പ് വിപുലീകരണവും ശാക്തീകരണവും: ഓക്സെല്ലോസംസ്ഥാനതല ക്യാമ്പയിനുമായി കുടുംബശ്രീ

**കൊല്ലം:** ഓക്സിലറി ഗ്രൂപ്പ് വിപുലീകരണവും ശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന സംഘടിപ്പിക്കുന്ന 'ഓക്സെല്ലോ' സംസ്ഥാനതല ക്യാമ്പയിന് ഈ മാസം തുടക്കമാകും. അയൽക്കൂട്ട അംഗമല്ലാത്ത 18നും 40നും ഇടയിൽ പ്രായമുള്ള മുഴുവൻ യുവതികളെയും ഉൾപ്പെടുത്തി അയൽക്കൂട്ടതലത്തിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഒപ്പം നിലവിൽ പ്രവർത്തിച്ചു വരുന്നവയെ പുന:സംഘടിപ്പിക്കുകയുമാണ് ലക്ഷ്യം. വാർഡ്തലത്തിലും പഞ്ചായത്ത്തലത്തിലും ഓക്സിലറി ഗ്രൂപ്പുകളുടെ കൺസോർഷ്യങ്ങളും രൂപീകരിക്കും. കൂടാതെ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് കുടുംബശ്രീ മുഖേന നൂതന ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിലൂടെ വരുമാനം ലഭ്യമാക്കുന്നതിനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

# ആരോഗ്യ സേവനങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ ശ്രീചിത്ര രാജ്യത്തിന് മാതൃക : കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്

## പിഎംഎസ്എസ് വൈക്ക് കീഴിൽ നിർമ്മിച്ച പുതു മന്ദിരം കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി രാജ്യത്തിന് മാതൃകയാണെന്ന് കേന്ദ്ര ശാസ്ത്രസാങ്കേതികഭൗമശാസ്ത്ര വകുപ്പ് സഹമന്ത്രി (സ്വതന്ത്ര ചുമതല) ഡോ. ജിതേന്ദ്ര സിംഗ്.പ്രധാൻ മന്ത്രി സ്വാസ്ത്യ സുരക്ഷാ യോജനക്ക് (പിഎംഎസ്എസ് വൈ) കീഴിൽ തിരുവനന്തപുരത്ത് ശ്രീചിത്രയിൽ നിർമ്മിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പിഎംഎസ്എസ് വൈ ശ്രീചിത്രയിൽ നടപ്പിലാക്കാൻ കേന്ദ്ര ഗവണ്മെന്റിനെ പ്രേരിപ്പിച്ച ഘടകം ഈ പൊതുജന സമ്പർക്കമാണെന്നും അദ്ദേഹം പറഞ്ഞു.എല്ലാവർക്കും പ്രാപ്യമായ, താങ്ങാവുന്നതും ഗുണമേന്മയുള്ളതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പിഎംഎസ്എസ് വൈ നടപ്പിലാക്കുന്നത്. ഇതിന് മികച്ച ഉദാഹരണമാണ് ശ്രീചിത്രയുടെ പ്രവർത്തനങ്ങൾ.തദ്ദേശീയമായ വൈദഗ്ദ്ധ്യവും,വിഭവങ്ങളും പ്രോത്സാഹിപ്പിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിന് അനുസൃതമായാണ് ശ്രീചിത്രയുടെ പ്രവർത്തനമെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു. ചികിത്സാ രംഗത്ത് ഗ്രാമ നഗര വ്യത്യാസം ഇല്ലാതാക്കുന്നതിനാണ് പിഎംഎസ്എസ് വൈ പോലുള്ള പദ്ധതി നടപ്പിലാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചികിത്സാ രംഗത്തും ഗവേഷണ അക്കാദമിക്ക് രംഗത്തും വിശ്വാസയോഗ്യമായ സ്ഥാപനമാണ് ശ്രീചിത്രയെന്നും കേന്ദ്ര സഹമന്ത്രി അഭിപ്രായപ്പെട്ടു.



ആരോഗ്യ അടിസ്ഥാന സൗകര്യ മേഖലയിലെ വിടവ് നികത്തുകയാണ് പിഎംഎസ്എസ് വൈയുടെ ലക്ഷ്യമെന്ന് ചടങ്ങിനെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്ത കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി ജഗത് പ്രകാശ് നദ്ദ പറഞ്ഞു. ശ്രീചിത്രയുടെ അടിസ്ഥാന സൗകര്യ വിപുലീകരണമാണ് പിഎംഎസ്എസ് വൈ പദ്ധതി നടപ്പിലാകുന്നത്തോടെ സാധ്യമാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശാസ്ത്ര സാങ്കേതിക മേഖലയുമായി സഹകരിച്ച് പിഎംഎസ്എസ് വൈ നിരവധി വിജയകരമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിവിധ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ എഴുപത്തിയഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾക്ക് അംഗീകാരം ലഭിച്ചതായും, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3,000 കോടി അനുവദിച്ചതായും കേന്ദ്ര മന്ത്രി പറഞ്ഞു.

മസ്തിഷ്ക , ഹൃദ്രോഗ ചികിത്സ രംഗത്ത് മുൻ നിര സ്ഥാപനമാണ് ശ്രീചിത്രയെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ കേന്ദ്ര പെട്രോളിയം പ്രകൃതിവാതടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. കേരളത്തിനകത്തും പുറത്തുമുള്ള പാവപ്പെട്ട രോഗികൾക്ക് ആശ്രയമാണ് ഈ സ്ഥാപനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നൂതനത്വത്തിലും, ആരോഗ്യ പരിപാലനത്തിലും ശ്രീചിത്ര ഉയർന്ന നിലവാരമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും കേന്ദ്ര സഹമന്ത്രി വ്യക്തമാക്കി.സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി, നിതി ആയോഗ് അംഗവും ശ്രീചിത്ര മുൻ പ്രസിഡന്റുമായ ഡോ. വി കെ സാരസ്വത്, മുൻ കേന്ദ്രസഹമന്ത്രി വി. മുരളീധരൻ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രൊഫ. അഭയ് കരണ്ടികർ, വാർഡ് കൗൺസിലർ ഡി. ആർ. അനിൽ തുടങ്ങിയവർ പങ്കെടുത്തു.ശ്രീചിത്ര ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി സ്വാഗതം ആശംസിച്ചു. ബയോമെഡിക്കൽ ടെക്നോളജി വിഭാഗം മേധാവി ഡോ. ഹരികൃഷ്ണ വർമ്മ നന്ദി പറഞ്ഞു.

പ്രധാൻ മന്ത്രി സ്വാസ്ത്യ സുരക്ഷാ യോജനക്ക് കീഴിൽ നിർമ്മിച്ചിരിക്കുന്ന പുതിയ കെട്ടിടത്തിന് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയവും സംയുക്തമായാണ് സാമ്പത്തിക സഹായം നൽകിയിരിക്കുന്നത്.ശ്രീചിത്രയുടെ പശ്ചാത്തലസൗകര്യ വികസനത്തിലെ നാഴികക്കല്ലാണ് പുതിയ പിഎംഎസ്എസ്വൈ മന്ദിരം. പൊതുജനങ്ങൾക്ക് അത്യാധുനിക ചികിത്സ നൽകുന്നതിനുള്ള ശ്രീചിത്രയുടെ പരിശ്രമങ്ങൾക്ക് ഇത് കരുത്തേകും. ഒൻപത് നിലകളിലായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തൃതി 270000 ചതുരശ്ര അടിയാണ്. പൂർണ്ണമായും ശിതീകരിച്ച കെട്ടിടത്തിൽ തീവ്രപരിചരണ സേവനങ്ങൾക്ക് മാത്രമായി 130 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ പേവാർഡിനായി 40 മുറികളുമുണ്ട്.പൂർണ്ണമായി പ്രവർത്തനസജ്ജമാകുമ്പോൾ ഒൻപത് അത്യാധുനിക ഓപ്പറേഷൻ തീയറ്ററുകൾ, എംആർഐ & സിടി സ്കാൻ വിഭാഗം, മൂന്ന് കാത്ത് ലാബുകൾ, സ്ലീപ് സ്റ്റഡി യൂണിറ്റ്, എക്കോകാർഡിയോഗ്രാഫി സ്യൂട്ട്, നോൺ ഇൻവേസീവ് കാർഡിയോളജി ഇവാല്യൂവേഷൻ സ്യൂട്ട് മുതലായവയുണ്ടാകും. രോഗികൾക്കായി വെൽനസ് സെന്റർ, കൗൺസിലിംഗ് കേന്ദ്രങ്ങൾ, കഫറ്റീരിയ മുതലായവയും പുതിയ കെട്ടിടത്തിൽ സജ്ജമാക്കും.



# പെരിയാർ വറ്റിവരളുന്നു

**ഉപ്പുതറ:** വേനൽ കടുത്തതോടെ പെരിയാറിലെ നീരൊഴുക്ക് ക്രമാതീതമായി കുറഞ്ഞു. ഇത് പെരിയാറിനെ ആശ്രയിച്ചുള്ള വലുതും ചെറുതുമായ കുടിവെള്ള പദ്ധതികൾക്കും ഭീഷണിയായി. സാധാരണയായി മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ ആണ് പെരിയാറിൽ നീരൊഴുക്ക് ഇത്രയധികം കുറയാറുള്ളത്.

ഈ വർഷം ഫെബ്രുവരി പകുതിയായതോടെ നീരൊഴുക്ക് കുറഞ്ഞു. വേനൽമഴ ഉടൻ ലഭിക്കാതിരിക്കുകയോ ചൂട് ഇതേ നിലയിൽ തുടരുകയോ ചെയ്താൽ രണ്ടാഴ്ചയ്ക്കുള്ളിൽ നീരൊഴുക്ക് നിലയ്ക്കും. മുൻവർഷങ്ങളിലേതുപോലെ കൃഷി നനയ്ക്കാൻ വൻകിട എസ്റ്റേറ്റുകാർ പെരിയാറ്റിൽ നിന്ന് ജലമൂറ്റ് തുടങ്ങിയാൽ ഒരാഴ്ചയ്ക്കു മുൻപേ പെരിയാർ വരളും. അടുത്തകാലത്തെങ്ങും അനുഭവപ്പെടാത്തത്ര കടുത്ത ചൂടാണ് ഇപ്പോൾ ഹൈറേഞ്ചിലുള്ളത്.

ഇപ്പോൾത്തന്നെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുകയാണ്.

പ്രധാന പദ്ധതികളിൽ ശുദ്ധജലവിതരണം ആഴ്ചയിൽ രണ്ടോ, മൂന്നോ പ്രാവശ്യമായി ചുരുക്കി. പെരിയാറിലെ നീരൊഴുക്ക് പൂർണമായും നിലച്ചാൽ നൂറോളം കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നിലയ്ക്കും. അങ്ങനെ സംഭവിച്ചാൽ പീരുമേട്, ഉടുമ്പൻചോല, ഇടുക്കി താലൂക്കുകളിലെ നൂറുകണക്കിന് കുടുംബങ്ങൾ ശുദ്ധജലത്തിന് മറ്റു വഴികൾ തേടേണ്ടിവരും.

പെരിയാറിൻറെ കൈവഴികളായ ചെറു പുഴകളും തോടുകളും ജനുവരി അവസാനത്തോടെ വറ്റിവരണ്ടു.1986നു ശേഷം ഇതാദ്യമാണ് ഇത്രയും നേരത്തേ ജലസ്രോതസുകൾ വറ്റിവരളുന്നത്. അന്ന് രണ്ടു മാസത്തോളം പെരിയാറിൽ നീരൊഴുക്ക് ഉണ്ടായിരുന്നില്ല.

# തരിശു നിലത്തിൽ നൂറുമേനി; കൊയ്ത്ത് ഉത്സവം സംഘടിപ്പിച്ചു

**എടത്വാ:** പതിറ്റാണ്ടുകളായി തരിശു കിടന്ന പുഞ്ചനിലത്തിൽ ഇക്കുറി നൂറുമേനി വിളയിച്ച് കർഷകർ. നാലു മാസത്തെ കാത്തിരിപ്പിനൊടുവിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ആദ്യത്തെ കൊയ്തു ഉത്സവം വ്യാഴാഴ്ച നടന്നു . തലവടി പഞ്ചായത്ത് ആറാം വാർഡിൽ തലവടി വാടയ്ക്കകം പാടശേഖരത്താണ് ഇക്കുറി നൂറുമേനി വിളഞ്ഞത്. 22 ഏക്കർ വിസ്തൃതിയുള്ള പാടശേഖരത്തിൽ കർഷകനായ ബിജു ഡേവിഡിന്റെ നേതൃത്വത്തിൽ സമീപ പാടശേഖരങ്ങളിലെ കർഷകരുടെയും തൊഴിലാളികളുടെയും പരിശ്രമത്തിലാണ് കൃഷി ആരംഭിച്ചത്.

കഴിഞ്ഞ സീസണിൽ കൃഷി ആരംഭിച്ചെങ്കിലും പ്രതികൂല കാലാവസ്ഥ മൂലം വിളവെടുപ്പ് നടത്താൻ കഴിഞ്ഞിരുന്നില്ല. ഇക്കുറി ഒരുകൂട്ടം ആളുകളുടെ നിസ്വാർദ്ധ സേവനവും കാലാവസ്ഥ അനുകൂലമായി വന്നതുമാണ് വിളവെടുപ്പിൽ എത്തിച്ചത്. വിളവുകാലം കുറവുള്ള മനുരത്നം വിത്താണ് വിതച്ചത്.

തരിശുനിലത്തെ നെൽകൃഷിയുടെ വിളവെടുപ്പ് ഉത്സവം തലവടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗായത്രി ബി. നായർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജോജി എബ്രഹാം അധ്യക്ഷത വഹിച്ചു.സ്ഥിരംസമിതി അധ്യക്ഷരായ കൊച്ചുമോൾ ഉത്തമൻ, ബിന്ദു എബ്രഹാം ബ്ലോക്ക് പഞ്ചായത്ത് അംഗം അജിത് കുമാർ പിഷാരത്ത്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജോസഫ് റഫിൻ ജെഫ്രി,കൃഷി ഓഫീസർ ഗായത്രി പി.എസ്., അസിസ്റ്റന്റ് ദീപാമണി, റോഷ്ന, തൊഴിലുറപ്പ് എഞ്ചിനീയർ നിധീഷ് കുമാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

# അധ്യാപക പാനലിലേക്ക് അപേക്ഷിക്കാം

**ആലുവ:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ 2025 നീറ്റ്/കീം മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികളെ പരിശീലിപ്പിക്കുന്നതിന് സമാന മേഖലയിൽ വിദഗ്ധരായ അധ്യാപകരുടെ പാനൽ തയ്യാറാക്കുന്നു.

നീറ്റ്/കീം പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനാണ് പാനൽ തയ്യാറാക്കുന്നത്. കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ കുറഞ്ഞത് രണ്ട് വർഷമെങ്കിലും നീറ്റ്/കീം മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ അധ്യാപന പരിചയമുള്ളവരും പ്രായം 50 അധികരിക്കാത്തതും ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരുമായ അധ്യാപകർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മാർച്ച് പത്തിന് നാലുമണിക്ക് മുമ്പായി പ്രിൻസിപ്പൽ, ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, സബ് ജയിൽ റോഡ്, ബൈ ലൈൻ, ആലുവ 683101 എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ: 04842623304.

## കഫേ കുടുംബശ്രീ ഭക്ഷ്യമേള രണ്ടാം ഘട്ടം നാളെ മുതൽ മറൈൻഡ്രൈവിൽ

**കൊച്ചി:** ഫോർട്ട് കൊച്ചിയിലെ വാട്ടർ മെട്രോ സ്റ്റേഷനു മുന്നിൽ സംഘടിപ്പിച്ച കഫേ കുടുംബശ്രീ ഭക്ഷ്യമേള ജനപങ്കാളിത്തത്തിലും വിറ്റുവരവിലും മികച്ച നേട്ടം കൈവരിച്ചു.

ഭക്ഷ്യമേളയുടെ രണ്ടാം ഘട്ടം നാളെ (ഫെബ്രുവരി 22 ) മുതൽ 27 വരെ എറണാകുളം മറൈൻഡ്രൈവിൽ നടത്തും.

ഫോർട്ട് കൊച്ചിയിൽ ഒരാഴ്ച നീണ്ടു നിന്ന മേളയുടെ ആദ്യ ഘട്ടത്തിൽ കുടുംബശ്രീയുടെ ലൈവ് ഫുഡ് കോർട്ടുകൾ, ഉത്പന്ന വിപണനം എന്നിവയിൽ നിന്നായി 5. 50ലക്ഷം രൂപയുടെ വിറ്റുവരവ് നേടി.

ജില്ലയിലെ കുടുംബശ്രീ സംരംഭകരുടെ വിവിധ ഉത്പന്നങ്ങളുമായി സജ്ജമാക്കിയ സ്റ്റാളുകൾ മേളയുടെ ആകർഷണം കൂട്ടി. കേരളത്തിന്റെ തനതു വിഭവങ്ങളിൽ നിന്ന് ആധുനിക രുചി സാധ്യതകളിലേക്കുള്ള ഈ രുചിസവാരി ഭക്ഷണപ്രേമികൾക്ക് ഉണർവേകുന്ന അനുഭവമായി. വിവിധ പ്രാദേശിക വിഭവങ്ങൾ, കുടുംബശ്രീ അംഗങ്ങളുടെ നാടൻ , വൈവിധ്യമാർന്ന ഭക്ഷണ സംസ്കാരങ്ങളുടെ തനിമയും, കൂടാതെ സാംസ്കാരിക പരിപാടികളും മേളയെ ജനകീയമാക്കി.

## ഹരിത ടൂറിസം കേന്ദ്രമാകാൻ ഒരുങ്ങി ഫോർട്ട് കൊച്ചി

### അവലോകന യോഗം ചേർന്നു

**കൊച്ചി:** ഫോർട്ട് കൊച്ചിയെ ഹരിത ടൂറിസ കേന്ദ്രമാകും. മാർച്ച് 31ന് ഫോർട്ട് കൊച്ചിയെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കാവുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ നിർദേശം.

പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

ഫോർട്ട് കൊച്ചിയിലെ മാലിന്യ ശേഖരണം, സംസ്കരിക്കുന്നതിനുള്ള മാർഗങ്ങൾ, സംരക്ഷണ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ യോഗം വിലയിരുത്തി. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കും. ക്ലീൻ കാമ്പയിനുകൾ സംഘടിപ്പിക്കും. കൂടുതൽ വേസ്റ്റ് ബിന്നുകൾ ഫോർട്ട് കൊച്ചി ബീച്ചിലും പരിസരപ്രദേശങ്ങളിലും സ്ഥാപിക്കും. ബീച്ച് പരിസരത്ത് കച്ചവടം നടത്തുന്ന കട ഉടമകൾക്കും തെരുവോര കച്ചവടക്കാർക്കും ബോധവൽക്കരണം നടത്തും. അനധികൃതമായി കച്ചവടം നടത്തുന്ന കച്ചവടക്കാരെ ഒഴിപ്പിക്കും. ഹെൽത്ത് സ്ക്വാഡ് പരിശോധന ശക്തമാക്കും.

കടകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മ സേന മുഖേന ശേഖരിക്കുന്നതിനുള്ള നടപടികൾ കർശനമാകും. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി കൈകാര്യം ചെയ്യാത്തതോ, ഹരിത കർമ്മ സേനയ്ക്ക് കൈമാറാത്തതോ ആയ കടകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

ടോയ്‌ലറ്റുകൾ നവീകരിക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യും. കൂടുതൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്ന കാര്യവും യോഗത്തിൽ വിലയിരുത്തി. ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും തീരുമാനമായി.

അവധി ദിനങ്ങളിൽ ഉൾപ്പെടെ ദിവസവും 25000 മുതൽ 35,000 വരെ ടൂറിസുകൾ വന്നുപോകുന്ന പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഒന്നാണ് ഫോർട്ട് കൊച്ചി. അതിനാൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനോടൊപ്പം അവ സൂക്ഷിക്കുന്നതിനും തരം തിരിക്കുന്നതിനും കൃത്യമായ സംവിധാനം ഏർപ്പെടുത്തണമെന്നും യോഗം വിലയിരുത്തി.

യോഗത്തിൽ തദ്ദേശസ്വയം ഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ കെ ജെ ജോയി, നവകേരളം കർമ്മപദ്ധതി കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വമിഷൻ കോ ഓഡിനേറ്റർ എസ് ലിജുമോൻ, കൊച്ചി ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റി നോഡൽ ഓഫീസർ ബോണി തോമസ്, ടൂറിസം ജോയിന്റ് ഡയറക്ടർ ജി എൽ രാജീവ്, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി എസ് ഷിബു തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഷോർട്ട് ഫിലിം മത്സരം

**കൊച്ചി:** കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'മാറ്റങ്ങൾ യുവതയിൽ നിന്ന്" എന്ന പ്രമേയത്തിൽ വനിതാ ശിശു വികസന വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മത്സരം. ഷോർട്ട് ഫിലിമിലെ അഭിനേതാക്കൾ അടക്കം മുഴുവൻ അംഗങ്ങളും കോളേജ് വിദ്യാർത്ഥികൾ ആയിരിക്കണം. ദൈർഘ്യം 5 മിനിറ്റ്. എൻട്രികൾ, ഷോർട്ട് ഫിലിമിന്റെ പേര്, കോളേജിന്റെ പേര്, അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ അടക്കം wedfilmcompetetion2025@gmail.com ഇമെയിൽ വിലാസത്തിൽ മാർച്ച് 2 നകം അയക്കണം.

മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 50,000 രൂപയും രണ്ടാം സമ്മാനമായി 25,000 രൂപയും മൂന്നാം സമ്മാനമായി 15,000 രൂപയും ലഭിക്കും. മാർച്ച് 8 ലെ വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് : 8606023266.




## വൈവിധ്യവത്കരണ മാതൃകയുമായി കുന്നത്താനം ഗ്രീൻപാർക്ക്

**കൊച്ചി:** വൈവിധ്യമാർന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങളിലേക്കുള്ള ചുവട് വയ്പുമായി കുന്നത്താനം കിൻഫ്രാ പാർക്കിൽ തുടങ്ങിയ ഗ്രീൻ പാർക്ക്. പാഴ് വസ്തുക്കൾ സംസ്കരിച്ച് കിട്ടുന്ന വസ്തുക്കൾ ചെറുകണങ്ങളാക്കി (ഗ്രന്യൂൾ) മാറ്റുന്ന സംവിധാനമാണ് അടുത്തമാസം തുടങ്ങുന്നത്. ഇതോടെ വിവിധ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിർമിതിക്കായി ഇവ പ്രയോജനപ്പെടുത്താനാകും.

ഹരിത കർമ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് പാഴ്വസ്തുക്കൾ തദ്ദേശ സ്ഥാപനതലത്തിൽ തരംതിരിച്ച് പുനഃചംക്രമണ യോഗ്യമായവ ഫാക്ടറിയിൽ എത്തിച്ചാണ് തരികളാക്കുന്നത്. 100-150 ടൺ പ്ലാസ്റ്റിക്ക് വരെ ജില്ലയിൽ ഒരു മാസം ശേഖരിക്കുന്നുണ്ട്. പുനഃചംക്രമണ യോഗ്യമല്ലാത്ത 200 ടണ്ണും. ദിവസവും രണ്ട് മുതൽ അഞ്ച് ടൺ വരെ പ്ലാസ്റ്റിക്ക് സംസ്കരണമാണ് സാധ്യമാകുന്നത്.

10000 സ്ക്വയർ ഫീറ്റ് കെട്ടിടത്തിൽ ബെയ്‌ലിങ്ങിനും വാഷിങ്ങിനുമുള്ള യന്ത്രങ്ങൾ, ഗ്രാന്യൂൾസ് സൂക്ഷിച്ചുവയ്ക്കാനുള്ള ഗോഡൗൺ, സോളർ പവർ പ്ലാന്റ്, മഴവെള്ള സംഭരണി തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനവും ക്ലീൻകേരള കമ്പനിയും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന സംസ്ഥാനത്തെ ആദ്യ പദ്ധതിയുടെ ഭാഗമാണ് അതിവേഗപുരോഗതിയിൽ.

മാലിന്യമുക്ത കേരളത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിൽ കാമ്പയിനുകൾ സംഘടിപ്പിച്ചുവരികയാണ്. മാലിന്യ ശേഖരണത്തിനൊപ്പം സ്ത്രീകൾക്ക് മികച്ച വരുമാന മാർഗമായി ഹരിത കർമ്മസേനയുടെ പ്രവർത്തനം മാറിയിട്ടുമുണ്ട്. വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച്, എംസിഎഫിൽ എത്തിക്കുന്നത് സേനാംഗങ്ങളുടെ പ്രധാന ജോലിയാണ്.

ശേഖരിക്കുന്ന പ്ലാസ്റ്റിക് പാഴ് വസ്തുക്കളെല്ലാം ഇവിടെ ഒരുക്കിയിട്ടുള്ള ആധുനിക സംവിധാനങ്ങളിലൂടയാണ് പുന:ചംക്രമണത്തിന് വിധേയമാക്കുന്നത്. ഇതാണ് ഉത്പന്ന വൈവിധ്യത്തിന്റ അനന്തസാധ്യതകളിലേക്ക് കടക്കുന്നത്. പുതിയൊരു വരുമാന സ്രോതസുകൂടിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വികസിക്കുന്നതും.

## സംസ്കൃത സർവകലാശാലയിൽ പ്രയുക്തി 2025 തൊഴിൽമേള സംഘടിപ്പിച്ചു




**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, ആലുവ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സഹകരണത്തോടെ കാലടി മുഖ്യകേന്ദ്രത്തിലുള്ള അക്കാദമിക് ബ്ലോക്ക് രണ്ടിൽ നടന്ന പ്രയുക്തി 2025 തൊഴിൽ മേളയിലൂടെ 45 പേർക്ക് ജോലി ലഭിച്ചു എന്ന് സർവ്വകലാശാല അറിയിച്ചു. 658 അഭിമുഖങ്ങൾ തൊഴിൽ മേളയിൽ നടന്നു. 139 പേർ ചുരുക്കപട്ടികയിൽ ഇടം നേടി. സ്ഥാപനങ്ങളിൽ നിന്നായി 973 ജോലി ഒഴിവുകളിലേക്കാണ് തൊഴിൽ മേള സംഘടിപ്പിച്ചത്. കാലടി മുഖ്യകേന്ദ്രത്തിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ നടന്ന സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു തൊഴിൽ മേള ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡോ. വി. കെ. ഭവാനി അധ്യക്ഷത വഹിച്ചു. കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ ഡയറക്ടർ ഡോ. ജോസ് ആന്റണി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. ടി. മിനി, പ്ലേസ്മെന്റ് ഓഫീസർ ഡോ. ശ്യാമള കെ., എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ചീഫ് ലൂക്കോസ് ജോർജ്, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫ് വി. യു. ശ്രീലത, എംപ്ലായ്മെന്റ് ഓഫീസർ കവിത നായർ എന്നിവർ പ്രസംഗിച്ചു. മൈജോ മോട്ടോഴ്സ്, റിലയൻസ് നിപ്പൺ ഇൻഷുറൻസ്, സിവ മെറ്റേണിറ്റി വെയർ, സി.എം.എൽ. ബയോടെക് ലിമിറ്റഡ്, ആയുർ കെയർ ഹെർബൽ, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്, എൻ മൈനസ്റ്റു സൊല്യൂഷൻസ്, എക്സ്ട്രീം ബിസിനസ്സ് ഗ്രൂപ്പ്, സി. എഫ്. സി. സി. ഐ., ഗാലക്സി അസോസിയേറ്റ്സ്, ഫോർച്യൂൺ ബിസിനസ്സ് ഗ്രൂപ്പ്, സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി, മുത്തൂറ്റ് മൈക്രോ ഫിനാൻസ്, എ വൈ ടെക്, അലൈവ് അസ്സോസിയേറ്റ്സ്, ടെസ്‌ല ഗ്രൂപ്പ് ഓഫ് കമ്പനീസ്, ചോയ്സ് ഇന്റർനാഷണൽ സ്കൂൾ, ട്രിനിറ്റി സ്കിൽസ് മുതലായ പ്രമുഖ സ്ഥാപനങ്ങൾ തൊഴിൽ മേളയിൽ പങ്കെടുത്തു.

## തേവര പേരണ്ടൂർ കനാലിന്റെ ചരിത്ര വഴികളിലൂടെ : ഫോട്ടോ എക്സിബിഷന് തുടക്കം

**കൊച്ചി:** യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാമിന്റെ (യു.എൻ.ഇ.പി) ജനറേഷൻ റീസ്റ്റോറേഷൻ പദ്ധതിയുടെ ഭാഗമായി തേവരപേരണ്ടൂർ കനാലിന്റെ പുനരുജ്ജീവന പദ്ധതി കൊച്ചി നഗരസഭയുടെ സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സിഹെഡ്) നടത്തുന്ന 'ഫ്ളോയിങ് ഫോർവേഡ്: തേവരപേരണ്ടൂർ കാനൽ റീസ്റ്റോറേഷൻ' എന്ന വിഷയത്തിൽ ഉള്ള സെമിനാർ നടന്നു. കനാലിന്റെ ചരിത്രവഴികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായുള്ള ഫോട്ടോ എക്സിബിഷനും തുടക്കം കുറിച്ചു. എറണാകുളം ബി.ടി.ച്ച് ഹോട്ടലിൽ വച്ച് നടന്ന സെമിനാറും സുഭാഷ് ബോസ് പാർക്കിലെ ആരാം ഹാളിൽ വച്ച് നടക്കുന്ന എക്സിബിഷനുംമേയർ അഡ്വ എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.



# ബിസിനസ്മാൻ ഓഫ് ദി ഇയർ 2024 പുരസ്ക്കാരം വി കെ മാത്യൂസിന്



**കൊച്ചി:** സ്റ്റേറ്റ് ഫോറം ഓഫ് ബാങ്കേഴ്സ് ക്ലബ്സ് (എസ്എഫ്ബിസികെ) കേരളയുടെ പതിനാറാമത് എസ്എഫ്ബിസികെ 'ബിസിനസ്മാൻ ഓഫ് ദി ഇയർ 2024' പുരസ്ക്കാരം ഐബിഎസ് സോഫ്റ്റ് വെയർ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസിന്. ഫെബ്രുവരി 23 ന് കൊച്ചി ഹോളീഡേ ഇൻ ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ വ്യവസായകയർനിയമവകുപ്പ് മന്ത്രി പി രാജീവ് വി കെ മാത്യൂസിന് പുരസ്ക്കാരം സമർപ്പിക്കും. ആഗോള ട്രാവൽ, ട്രാൻസ്പോർട്ടേഷൻ, ലോജിസ്റ്റിക്സ് വ്യവസായലോകത്ത് രാജ്യത്തിന് അഭിമാനാർഹമായ വ്യക്തിമുദ്ര പതിപ്പിച്ച കമ്പനിയായി ഐബിഎസിനെ വളർത്തിയെടുത്തതിലുള്ള സ്തുത്യർഹമായ പങ്കിനുള്ള അംഗീകാരമായാണ് പുരസ്ക്കാരമെന്ന് എസ്എഫ്ബിസികെ സമിതി വിലയിരുത്തി. സംസ്ഥാനസർക്കാരിൻറെ 2024 ലെ കേരളശ്രീ പുരസ്കാര ജേതാവ് കൂടിയാണ് വി കെ മാത്യൂസ്.

എൻജിനീയറിംഗ് രംഗത്തെ തുടക്കക്കാരായ 55 പ്രൊഫഷണലുകളുമായി 1997 ൽ തിരുവനന്തപുരത്ത് ആരംഭിച്ച ഐബിഎസ് ഇന്ന് ലോക ട്രാവൽ വ്യവസായത്തിലെ മുൻനിര കമ്പനിയായി മാറി. ലോകത്തിലെ ഏറ്റവും വലിയ എയർലൈനുകൾ, തിരക്കേറിയ എയർപോർട്ടുകൾ, വൻകിട എണ്ണവാതക കമ്പനികൾ, മുൻനിര ക്രൂസ് ഷിപ്പുകൾ, ലോകോത്തര ഹോട്ടലുകൾ എന്നിവ ഐബിഎസിൻറെ ഉപഭോക്താക്കളാണ്. 35 രാജ്യങ്ങളിലെ 60 നഗരങ്ങളിലായി 42 വ്യത്യസ്ത പൗരത്വമുള്ള 5,000 ലധികം പ്രൊഫഷണലുകൾ ഐബിഎസിൽ ജോലി ചെയ്യുന്നുണ്ട്.നിലവിൽ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ചെയർമാനായ വി കെ മാത്യൂസ്സിഐഐ കേരള ഘടകം ചെയർമാൻ, നാസ്കോം എക്സിക്യൂട്ടീവ് കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.




# നിർമിത ബുദ്ധിയുടെ വെല്ലുവിളികൾ നേരിടാനാവണം

**കൊച്ചി:** നിർമിത ബുദ്ധിയുടെ വെല്ലുവിളികളാണ് ഇപ്പോൾ മുമ്പിലുള്ളതെന്ന് കൊച്ചിൻ കസ്റ്റംസ് കമ്മീഷണർ ഗുരുകരൻ സിംഗ് ബയ്ൻ.കേരള മാനേജ്മെന്റ് അസോസിയേഷൻ മാനേജ്മെന്റ് വാരാഘോഷത്തിന്റെ ഭാഗമായി ലീഡർ ഇൻസൈറ്റ് സെഷനിൽ ആധുനിക മാനേജ്മെന്റ് എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.സ്ഥാപന ഉടമയായാലും മാനേജരായും സോഫ്റ്റ് സ്കില്ലുകൾ ഉണ്ടായിരിക്കുകയെന്നത് വലിയ നേട്ടമായിരിക്കും.ജീവനക്കാരെ കൂടെ നിർത്തുകയും സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ടീം ആയി നിർവഹിക്കുകയും ചെയ്യുകയെന്നാണ് മികച്ച രീതിയിൽ മുമ്പോട്ടേക്കുള്ള യാത്രയ്ക്ക് സഹായകമാവുകയെന്നും അദ്ദേഹം പറഞ്ഞു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു.

മാനേജ്മെന്റ് വാരാഘോഷം ചെയർമാൻ സി എസ് കർത്ത സ്വാഗതവും കെ എം എ മുൻ പ്രസിഡന്റ് കെ എൻ ശാസ്ത്രി നന്ദിയും പറഞ്ഞു.

# രൺവീർ സിംഗ് സ്കോഡയുടെ ആദ്യ ബ്രാൻഡ് സൂപ്പർസ്റ്റാർ



**മുംബൈ:** സ്കോഡ ഓട്ടോ ഇന്ത്യ കൈലാഖിൽ നിന്നുള്ള ആദ്യ സബ്-4 മീറ്റർ എസ്യുവി അവതരിപ്പിച്ചതിന് പിന്നാലെ രൺവീർ സിങ്ങിനെ ബ്രാൻഡ് സൂപ്പർസ്റ്റാറായി പ്രഖ്യാപിച്ചു. സ്കോഡ ഓട്ടോ ഇന്ത്യയുടെ ആദ്യത്തെ ബ്രാൻഡ് സൂപ്പർസ്റ്റാർ ആയി രൺവീർ സിങ്ങിനെ പ്രഖ്യാപിക്കുന്നതിൽ അഭിമാനിക്കുന്നതായി സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനേബ പറഞ്ഞു.യൂറോപ്പിന് പുറത്ത് സ്കോഡയുടെ പ്രധാനപ്പെട്ട വിപണിയാണ് ഇന്ത്യ. 2026 ആകുമ്പോഴേക്കും പ്രതിവർഷം 100,000 കാറുകൾ വിൽക്കാനാണ് കമ്പനി പദ്ധതിയിടുന്നത്. നിലവിലുള്ള 277 വിൽപ്പന, സേവന ടച്ച്പോയിന്റുകളിൽ നിന്ന് ബ്രാൻഡ് അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും 2025 അവസാനത്തോടെ 350 ടച്ച്പോയിന്റുകൾ ലക്ഷ്യമിടുന്നു.ബ്രാൻഡ് സൂപ്പർസ്റ്റാറിനെ അവതരിപ്പിക്കുന്ന സ്കോഡ ഓട്ടോ ഇന്ത്യയുടെ ആദ്യ ബ്ലോക്ക്ബസ്റ്റർ ചിത്രം ഫെബ്രുവരി 25 ന് പ്രീമിയർ ചെയ്യും. അതിൽ രൺവീർ സിംഗ് കൈലാഖിനൊപ്പം അഭിനയിക്കും. മാർച്ച് അവസാനം ഒരു ബ്രാൻഡ് കേന്ദ്രീകൃത ചിത്രം ആസൂത്രണം ചെയ്യുന്നതിനെ തുടർന്ന്, ആരാധകർക്കും ഉപഭോക്താക്കൾക്കും വർഷാവസാനം രൺവീർ സിങ്ങിനെയും സ്കോഡ ഓട്ടോ ഇന്ത്യയുടെ മാനേജ്മെന്റിനെയും കാണാനുള്ള അവസരം ലഭിക്കും. സ്കോഡ ഓട്ടോ ഇന്ത്യയുടെ ആദ്യ ബ്രാൻഡ് സൂപ്പർസ്റ്റാർ ആകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് രൺവീർ സിംഗ് പറഞ്ഞു.




# സൺഫീസ്റ്റ് വൗസേഴ്സ് വിപണിയിലിറക്കി

**ബംഗളൂരു:** രാജ്യത്തെ പ്രമുഖ ബിസ്കറ്റ് ബ്രാൻഡായ ഐടിസി സൺഫീസ്റ്റ് 14 ലെയറുള്ള പുതിയ ക്രാക്കറായ സൺഫീസ്റ്റ് വൗസേഴ്സ് വിപണിയിലിറക്കി. മധുരവും ക്രഞ്ചിയുമായ 14 ലെയറുകളുമായാണ് സൺഫീസ്റ്റ് വൗസേഴ്സ് അവതരിപ്പിച്ചിരിക്കുന്നതെന്ന് ഐടിസി ബിസ്കറ്റ് ആൻഡ് കേക്ക് ക്ലസ്റ്റർ സിഒഒ അലി ഹാരിസ് ഷേർ പറഞ്ഞു. ചീസ് ക്രീം, ലെമൺ ക്രീം എന്നിങ്ങനെ രണ്ട് വ്യത്യസ്ത രുചികളിലാണ് വൗസേഴ്സ് എത്തിയിരിക്കുന്നത്.5 രൂപ വിലയുള്ള 16 ഗ്രാം പായ്ക്കറ്റിലും 60 രൂപ വിലയുള്ള 128 ഗ്രാം പായ്ക്കറ്റിലും കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലങ്കാന, പശ്ചിമ ബംഗാൾ, ഗുജറാത്ത് എന്നിവിടങ്ങളിലാണ് ആദ്യ ഘട്ടത്തിൽ സൺഫീസ്റ്റ് വൗസറുകൾ ലഭിക്കുന്നത്.



# മഹാകുംഭമേളയിൽ മാലിന്യ സംസ്കരണ ബോധവത്കരണം

**കൊച്ചി :** 2025ലെ മഹാകുംഭമേളയിൽ മാലിന്യ സംസ്കരണവും പുനരുപയോഗവും പ്രോത്സാഹിപ്പിക്കാൻ കോമിക് ചിത്രങ്ങളുമായി കൊക്ക കോള ഇന്ത്യയും ഗെയ്സി ഫാമിലിയുടെ ഫൗണ്ടേഷനായ ആനന്ദനയും കൈകോർക്കുന്നു. 'മൈദാൻ സാഫ്' കാമ്പയിന്റെ ഭാഗമായി, പ്രമുഖ കലാകാരന്മാർ വരച്ച ആകർഷകമായ കോമിക് പാനലുകൾ 12 കിലോമീറ്റർ നദീതീരത്ത് പ്രദർശിപ്പിക്കും. പുനരുപയോഗം ചെയ്ത പ്ലാസ്റ്റിക്കിൽ നിർമ്മിച്ച വനിതാ വിശ്രമമുറികളിലും ചിത്രങ്ങളുണ്ടാകും. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും ശുചീകരണ തൊഴിലാളികളുടെ പങ്കും ലളിതമായ കഥകളിലൂടെ ചിത്രീകരിക്കുന്നു. വിവിധ ഭാഷകളിലുള്ളവർക്ക് എളുപ്പം മനസ്സിലാക്കാൻ കഴിയുന്ന രീതിയിലാണ് ചിത്രീകരണം. മഹാകുംഭത്തിലെത്തുന്ന ദശലക്ഷക്കണക്കിന് ആളുകളിലേക്ക് സുസ്ഥിരതയുടെ പ്രാധാന്യം എത്തിക്കുകയാണ് ലക്ഷ്യം.

# ബാങ്ക് ഓഫ് ബറോഡ തൃശൂരിൽ പുതിയ ശാഖ തുറന്നു



**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ കേരളത്തിലെ സാന്നിധ്യം വിപുലീകരിക്കുന്നതിൻറെ ഭാഗമായി തൃശൂർ തിരുവില്വാമലയിൽ പുതിയ ശാഖ പ്രവർത്തനം ആരംഭിച്ചു. ബാങ്ക് ഓഫ് ബറോഡയുടെ തൃശൂർ റീജണിലെ 56 ാമത്തെ ശാഖയാണ് തിരുവില്വാമല പഴയന്നൂർ റോഡിലെ സുബി മാളിൽ തുടങ്ങിയത്.

എആർ ഹാൻഡ്ലൂംസ് മാനേജിംഗ് പാർട്ണർമാരായ ആർ. രാജ്കുമാർ, എ. അരവിന്ദ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ബാങ്ക് ഓഫ് ബറോഡ എറണാകുളം സോണൽ ജനറൽ മാനേജറും സോണൽ ഹെഡുമായ ശ്രീജിത്ത് കൊട്ടാരത്തിൽ, തിരുവില്വാമല ബ്രാഞ്ച് മാനേജർ ടി.കെ. സിബികുമാർ, ബാങ്ക് ഓഫ് ബറോഡ തൃശൂർ റീജണൽ ഹെഡ് പി. വിമൽജിത്ത് എന്നിവർ സന്നിഹിതരായിരുന്നു.

# ഫോർച്യൂൺ പട്ടികയിൽ ടിസിഎസ്

**കൊച്ചി:** ഐടി സേവനങ്ങൾ, കൺസൾട്ടിങ്, ബിസിനസ് സേവനങ്ങൾ തുടങ്ങിയ മേഖലകളിലെ മുൻനിരക്കാരായ ടിസിഎസ് ലോകത്തിലെ ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന കമ്പനികളുടെ 2025 ലെ ഫോർച്യൂൺ പട്ടികയിൽ ഇടം പിടിച്ചു. ലോകത്തെ ഏറ്റവും ആദരിക്കപ്പെടുന്ന കമ്പനികളുടെ ഈ വർഷത്തെ പട്ടികയിലുള്ള എല്ലാ കമ്പനികളേയും അംഗീകരിക്കാൻ ഫോർച്യൂണിന് അഭിമാനമുണ്ടെന്ന് ഫോർച്യൂൺ എഡിറ്റർ ഇൻ ചീഫ് അലിസൺ ഷോൻടെൽ പറഞ്ഞു. വെല്ലുവിളികൾ നിറഞ്ഞ ആഗോള ബിസിനസ് സാഹചര്യങ്ങളിലെ അവരുടെ കാഴ്ചപ്പാടും ഉറച്ച നിലനിൽപ്പും ഇതിലൂടെ ദൃശ്യമാണെന്നും അദ്ദേഹം പറഞ്ഞു.ഇടപാടുകാരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, പുതുമകൾ, ഉയർന്ന കഴിവുകളുള്ളവരെ ആകർഷിക്കാനും നിലനിർത്താനുമുള്ള ശേഷി, പ്രവർത്തന മികവ് വഴി ഇടപാടുകാർക്കായി ഉയർന്ന മൂല്യമുള്ള ബിസിനസ് നേടിക്കൊടുക്കാനുള്ള ശക്തി തുടങ്ങിയ മേഖലകളിലെ ടിസിഎസിൻറെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഇതെന്ന് ടിസിഎസ് നോർത്ത് അമേരിക്ക പ്രസിഡൻറ് അമിത് ബജാജ് പറഞ്ഞു.

ഡിജിറ്റൽ രംഗത്തെ പുതുമകൾക്കും അപ്പുറത്തായി കാർബൺ പുറന്തള്ളൽ കുറക്കാൻ വ്യവസായങ്ങളേയും വ്യാപാരങ്ങളേയും സഹായിക്കുന്ന ഡിജിറ്റൽ ടിൻ ടെക്നോളജി പോലുള്ള നീക്കങ്ങളിലൂടെ ടിസിഎസ് സുസ്ഥിരതാ നീക്കങ്ങളും നടത്തുന്നുണ്ട്. ലോകത്തിലെ ആദ്യ ഹൈഡ്രജൻ വിമാന എഞ്ചിൻ വികസിപ്പിക്കാൻ റോൾസ് റോയ്സുമായി സഹകരിക്കുന്നത് കൂടുതൽ സുസ്ഥിരമായ ഭാവിക്കായുള്ള പ്രതിബദ്ധതയാണ് ഉയർത്തിക്കാട്ടുന്നത്.ജീവനക്കാർക്ക് മുൻഗണന കൊടുക്കുന്ന കാഴ്ചപ്പാടിനുള്ള അംഗീകാരം കൂടിയാണ് ടിസിഎസിനു ലഭിച്ചിട്ടുള്ളത്. ജനങ്ങളുടെ രീതികളുടെ മികവിൻറെ കാര്യത്തിലെ ആഗോള ആധികാരിക സ്ഥാപനമായ ടോപ് എംപ്ലോയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഏറ്റവും മികച്ച തൊഴിൽ സ്ഥാപനത്തിനുള്ള സാക്ഷ്യപത്രമെന്ന മികച്ച നേട്ടവും ടിസിഎസിനു ലഭിച്ചു. 2025ലെ ഏറ്റവും മികച്ച ആഗോള തൊഴിൽദാതാവായും ടിസിഎസ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# വൈബ്രന്റ് ബിൽഡ്കോൺ 2025 എക്സ്പോ: റോഡ്ഷോ 22ന് കൊച്ചിയിൽ

**കൊച്ചി:** കെട്ടിട നിർമാണത്തിന് ആവശ്യമായ വസ്തുക്കളുടെ വിപണി വിപുലീകരണം സാധ്യമാക്കുക, ഇന്ത്യയിൽ നിർമിക്കുന്ന വസ്തുക്കളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക, വിദേശ വിപണികൾ കണ്ടെത്തുക, നൂതന രീതിയിലുള്ള നിർമാണ സാമഗ്രികളുടെ പ്രദർശനം എന്നീ ലക്ഷ്യത്തോടെ രാജ്യതലസ്ഥാനത്തു ഏപ്രിൽ 13മുതൽ 16വരെ നടക്കുന്ന 'വൈബ്രന്റ് ബിൽഡ്കോൺ 2025' എക്സ്പോയുടെ മുന്നോടിയായി കൊച്ചിയിൽ ഈ മാസം 22ന് റോഡ്ഷോ സംഘടിപ്പിക്കും. കെട്ടിടങ്ങൾക്കാവിശ്യമായ നിർമാണ സാമഗ്രികളുടെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആഗോള ബിസിനസ് വിപണിയുമായി ബന്ധിപ്പിക്കാനുള്ള മികച്ച അവസരമാണ് വൈബ്രന്റ് ബിൽഡ്കോൺ എക്സ്പോ വഴി ലഭിക്കുന്നത്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രശസ്ത ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, ഇന്റീരിയർ ഡിസൈനർമാർ, പ്രൊഫഷണലുകൾ എന്നിവർ എക്സ്പോയുടെ ഭാഗമാകും. സുസ്ഥിരത, നവീകരണം, ഡിജിറ്റലൈസേഷൻ എന്നിവയിൽ കേന്ദ്രീകരിച്ചുള്ള വൈബ്രന്റ് ബിൽഡ്കോൺ 2025 എക്സ്പോ, സർക്കാരിന്റെ മെയ്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് പദ്ധതികളുടെ ചുവടുപിടിച്ചാണ് നടത്തുന്നത്. പ്രാദേശിക ബിസിനസ് സാധ്യതകളെക്കുറിച്ചും വിപണന മേഖലകളെ വിപുലപ്പെടുത്തുന്നതിനെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനാണ് റോഡ്ഷോ സംഘടിപ്പിക്കുന്നത്. സെറാമിക്, ടൈലുകൾ, സാനിറ്ററിവെയറുകൾ, മാർബിൾ, കല്ല്, ഗ്രാനൈറ്റ്, ഹാർഡ്വെയർ, ബാത്ത് ഫിറ്റിംഗുകൾ, സിങ്ക്, പൈപ്പ്, പ്ലൈവുഡ്, ലാമിനേറ്റുകൾ, ഫ്ലോറിംഗ്, തടി, പെയിന്റിങ്ങുകൾ, ജിപ്സം ബോർഡ്, പശ, രാസവസ്തുക്കൾ, വിൻഡോ സെക്ഷനുകൾ, വാതിലുകൾ എന്നിങ്ങനെ ഒരു കെട്ടിടത്തിനാവശ്യമായ നിർമാണ ഉപകരണങ്ങളുടെ രാജ്യത്തെ ഏറ്റവും വലിയ എക്സ്പോയാണ് ഡൽഹിയിൽ നടക്കുന്നത്.

# സർക്കാർ നിലപാട് ഡയറക്ട് സെല്ലിങ് വ്യവസായത്തെ ശക്തമാക്കുന്നത്: എഡിഎസ്ഇഐ

**കൊച്ചി:** ഡയറക്ട് സെല്ലിങ് വ്യവസായത്തെ ശക്തമാക്കുന്ന നിർണായക ചുവടുവെയ്പ്പാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അസോസിയേഷൻ ഓഫ് ഡയറക്ട് സെല്ലിംഗ് എന്റിറ്റീസ് ഓഫ് ഇന്ത്യ (എഡിഎസ്ഇഐ) ട്രഷറർ അജയ് സുറി പറഞ്ഞു. മാർഗനിർദ്ദേശങ്ങൾ പുറത്തിറക്കിയതും നിരീക്ഷണ സംവിധാനം സ്ഥാപിച്ചതും കേരള സർക്കാർ നടത്തിയ അഭിനന്ദനീയമായ ചുവടുവെപ്പുകളാണ്. ഈ നീക്കങ്ങളിലൂടെ ഡയറക്ട് സെല്ലിങ് മേഖലയിൽ സുതാര്യത, ഉത്തരവാദിത്തം, ഉപഭോക്തൃ സംരക്ഷണം എന്നിവ ഉറപ്പാക്കാനാവും. ഈ രംഗത്ത് ധാർമികമായ നടപടികളും സ്വയം നിയന്ത്രണവും വേണമെന്നാണ് സംഘടന എന്നും ആവശ്യപ്പെട്ടിരുന്നത്. ന്യായവും സുസ്ഥിരവുമായ ബിസിനസ് സാഹചര്യങ്ങൾ ഇവിടെ സൃഷ്ടിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ തങ്ങൾ പിന്തുണക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉപഭോക്താക്കളെ സംരക്ഷിക്കുക മാത്രമല്ല, നിയമപരമായ ഡയറക്ട് സെല്ലിങ് ബിസിനസിനെ ശാക്തീകരിക്കുകയും സമ്പദ്ഘടനയ്ക്ക് സംഭാവനകൾ നൽകാൻ വഴിയൊരുക്കുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

മികച്ച രീതിയിൽ നിയന്ത്രിക്കപ്പെടുന്നതും ധാർമിതയോടു കൂടിയതുമായ ഡയറക്ട് സെല്ലിങ് രീതികൾ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ രാജ്യത്തിന്റെ മറ്റു ഭാഗങ്ങൾക്ക് ശക്തമായൊരു കീഴ് വഴക്കം ലഭ്യമാക്കുന്നതു കൂടിയാണ് കേരളത്തിന്റെ ഈ നീക്കം. ഇത്തരത്തിലുള്ള രീതികൾക്കു വേണ്ടി എഡിഎസ്ഇഐ കേന്ദ്ര,സംസ്ഥാന സർക്കാരുകളോട് സഹകരിക്കും. സുതാര്യത, ഉപഭോക്തൃ സംരക്ഷണം തുടങ്ങിയവയിലൂടെ ഡയറക്ട് സെല്ലിങിന്റെ ഭാവി വിശ്വസനീയവും മികച്ചതുമാക്കി ബിസിനസിനും ഉപഭോക്താക്കൾക്കും ഒരു പോലെ നേട്ടമുണ്ടാക്കാനാവും എന്നതാണ് അസോസ്സിയേഷന്റെ കാഴ്ചപ്പാടെന്നും അദ്ദേഹം വ്യക്തമാക്കി.

# സ്മാർട്ട് പെൻഷൻ പ്ലാൻ അവതരിപ്പിച്ച് എൽഐസി

**കൊച്ചി:** രാജ്യത്തെ സാധാരണ ജന വിഭാഗങ്ങൾക്ക് അനുയോജ്യമായ പെൻഷൻ പ്ലാൻ അവതരിപ്പിച്ച് എൽഐസി. സ്മാർട്ട് പെൻഷൻ പ്ലാൻ എന്ന പേരിൽ പുറത്തിറക്കിയ പദ്ധതിയിൽ 18 വയസിനു മുകളിലുള്ളവർക്ക് ചേരാം. ജീവിതകാലം മുഴുവൻ നിശ്ചിത തുക വരുമാനം ഉറപ്പാക്കുന്ന സ്മാർട്ട് പെൻഷൻ പ്ലാനിന്റെ കുറഞ്ഞ നിക്ഷേപ തുക ഒരു ലക്ഷം രൂപയാണ്. ഒറ്റതവണയായാണ് നിക്ഷേപം നടത്താനാവുക.

വ്യത്യസ്ത പ്രായക്കാർക്ക് അനുയോജ്യമായ 21 ഓപ്ഷനുകളുള്ള ഈ പ്ലാനിൽ വ്യക്തികൾക്കു പുറമെ ഗ്രൂപ്പുകൾക്കും നിക്ഷേപിക്കാമെന്നതാണ് പ്രത്യേകത. നിക്ഷേപിച്ച തുക മുഴുവനായോ ഭാഗികമായോ പിൻവലിക്കാനുള്ള ഓപ്ഷനുകളുണ്ട്. പെൻഷൻ ലഭിക്കേണ്ട സമയപരിധി 1 മാസം, 3 മാസം, 6 മാസം, 12 മാസം എന്നിങ്ങനെ തിരഞ്ഞെടുക്കാം. നിശ്ചിത കാലയളവിലേക്ക് പെൻഷൻ കൂട്ടിവെച്ച് പിൻവലിക്കാനുള്ള സൗകര്യവും സ്മാർട്ട് പെൻഷൻ പ്ലാനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.licindia.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# അമൃത ആശുപത്രി ക്ഷയരോഗ സ്ക്രീനിംഗ് ക്യാംപ് സംഘടിപ്പിച്ചു

**കൊച്ചി :** അമൃത ആശുപത്രിയുടെ 100 ദിന ക്ഷയരോഗ നിർമാർജ്ജന ക്യാമ്പെയ്നിന്റെ ഭാഗമായി, ക്ഷയരോഗ സ്ക്രീനിംഗ് ക്യാംപ് സംഘടിപ്പിച്ചു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ മധ്യകേരള ഘടകം, എറണാകുളം ജില്ലാ ടിബി സെന്റർ, ചഥങ്ങഅംകചളക അ, എന്നിവയുടെ സഹകരണത്തോടെ ശ്രീമൂലനഗരം അകവൂർ ഗവണ്മെന്റ് സ്കൂളിൽ വെച്ചായിരുന്നു ക്യാംപ്.

പുകവലി, പ്രമേഹം, പ്രായാധിക്യം, കാൻസർ, ദീർഘകാല ശ്വാസകോശ രോഗങ്ങൾ തുടങ്ങി ഉയർന്ന അപകടസാധ്യതയുള്ളവർ ഉൾപ്പെടെ 120ൽ കൂടുതൽ വ്യക്തികളിൽ സ്ക്രീനിംഗ് നടത്തി. ക്ഷയരോഗ സാധ്യതയുള്ളവർക്കായി ചൊവ്വര ഗവണ്മെന്റ് ആശുപത്രിയുടെയും ജില്ലാ ടി ബി സെന്ററിന്റെയും സഹായത്താൽ കഫ പരിശോധനയും നടത്തി.

# മെഗാ ഡെലിവറിയുമായി ടിവിഎസ് ; ഒരേ സമയം 15 കിങ് ഇവി മാക്സ് കൈമാറി

**കൊച്ചി:** ഇരുചക്ര, മുചക്ര വാഹനത്തിൻറെ ആഗോള വാഹന നിർമ്മാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി കൊച്ചിയിൽ ടിവിഎസ് കിങ് ഇവി മാക്സിൻറെ മെഗാ ഡെലിവറി നടത്തി. 15 ടിവിഎസ് കിങ് ഇവി മുചക്ര വാഹനങ്ങൾ ഉപഭോക്താക്കൾക്ക് ഒരേസമയം കൈമാറി. ടിവിഎസ് കിങ് ഇവി മാക്സിൻറെ അവതരണത്തോടെ ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗങ്ങളിലേക്കുള്ള ആളുകളുടെ വർദ്ധിച്ചു വരുന്ന പ്രതിബദ്ധതയെയാണ് ഇത് കാണിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



ടിവിഎസ് സ്മാർട്ട് കണക്ട് വഴി ടിവിഎസ് കിങ് ഇവി മാക്സ് ഈ മേഖലയിൽ ആദ്യമായി ബ്ലൂടൂത്ത് കണക്റ്റിവിറ്റി ലഭ്യമാക്കുന്ന ഇലക്ട്രിക് ത്രീവീലറാണ്. സ്മാർട്ട്ഫോണുകൾ വഴിയുള്ള തത്സമയ നാവിഗേഷൻ, അലേർട്ടുകൾ, വെഹിക്കിൾ ഡയഗ്നോസ്റ്റിക്സ് തുടങ്ങിയ ഫീച്ചറുകളുമായാണ് ഇത് എത്തുന്നത്. ഒറ്റ ചാർജിൽ 179 കിലോമീറ്റർ റേഞ്ചും, വെറും 2 മണിക്കൂറും 15 മിനിറ്റിനുള്ളിൽ 80 ശതമാനം വരെ വേഗത്തിൽ ചാർജ് ചെയ്യാനുള്ള ശേഷിയോടുകൂടി ഈ വാഹനം ഏറ്റവും കൂടുതൽ വരുമാനം നേടാനും പ്രവർത്തനരഹിതമായ സമയം കുറയ്ക്കാനും കഴിയുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.മെഗാ ഡെലിവറി കേരളത്തിലെ ഇലക്ട്രിക് മൊബിലിറ്റി സൊല്യൂഷനുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സുസ്ഥിര ഗതാഗത രീതികൾ ലഭ്യമാക്കുന്നതിൽ ടിവിഎസ് മോട്ടോർ കമ്പനിയുടെ പ്രതിബദ്ധത എടുത്തു കാണിക്കാനും ലക്ഷ്യമിടുന്നു.കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഡീലർഷിപ്പുകളിൽ ടിവിഎസ് കിങ് ഇവി മാക്സ് 2,95,000 രൂപയിൽ (എക്സ്ഷോറൂം) ലഭ്യമാണ്. നവീകരണത്തിലും സുസ്ഥിരതയിലും ശക്തമായ പ്രതിബദ്ധതയോടെ ഇന്ത്യയുടെ ഇലക്ട്രിക് മൊബിലിറ്റിയിലേക്കുള്ള പരിവർത്തനത്തിൽ മുൻനിരയിൽ തുടരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ധോണി ഫാൻസ് ആപ്പ് പുറത്തിറക്കി; പിന്നിൽ മലയാളി സംരംഭകൻ

**കൊച്ചി:** മലയാളി സംരംഭകന്റെ നേതൃത്വത്തിലുള്ള സിംഗിൾ ഐഡി വികസിപ്പിച്ച ധോണി ഫാൻസ് ആപ്പ് പുറത്തിറക്കി. മുംബൈയിലെ ജെ.ഡബ്ല്യു മാരിയറ്റിൽ നടന്ന പ്രൗഢഗംഭീര ചടങ്ങിൽ ക്രിക്കറ്റ് താരം എം.എസ് ധോണി ആപ്പിന്റെ ലോഞ്ചിങ് നിർവഹിച്ചു. മലയാളിയും ഇന്ത്യൻ ക്രിക്കറ്റ് താരവുമായ സഞ്ജു സാംസൺ ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. ധോണിയുടെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങൾ ആരാധകരുമായി പങ്കിടുന്ന പ്ലാറ്റ്ഫോമാണിത്. സംരംഭകനും കോട്ടയം പാലാ സ്വദേശിയുമായ അഡ്വ. സുഭാഷ് മാനുവലിന്റേതായിരുന്നു ലോയൽറ്റി ഫാൻസ് ആപ്പ് എന്ന ആശയം. ഇന്ത്യൻ ക്രിക്കറ്റ് താരത്തിന്റെ ആരാധകർക്കായി ഇത്തരം ഒരു പ്ലാറ്റ്ഫോം തയാറാക്കുന്നത് ഇതാദ്യമായാണ്. ധോണിയുടെ അപൂർവ ചിത്രങ്ങളും വിഡിയോകളും ഇവിടെ കാണാനാകും. തന്റെ ചിത്രങ്ങളും വീഡിയോകളും ആദ്യം ധോണി പോസ്റ്റ് ചെയ്യുന്നതും ധോണി ആപ്പിലാകും.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം പോലെ തന്നെയാണ് ആപ്പ് പ്രവർത്തിക്കുന്നത്. ധോണി ലൈവിൽ വരുമ്പോൾ ആരാധകർക്ക് സംവദിക്കാനും ഫോട്ടോ ലൈക്ക് ചെയ്യുവാനും സാധിക്കും.ഇതുകൂടാതെ, ഈ പ്ലാറ്റ്ഫോമിലൂടെ വൻകിട ബ്രാൻഡുകളുടെ ഓഫറുകളും ആരാധകർക്ക് ലഭിക്കും. ധോണി ആപ്പിന്റെ ഉപഭോക്താക്കൾക്ക് ഒട്ടനവധി റിവാർഡുകൾക്കും അർഹതയുണ്ട്. താരത്തിന്റെ ചിത്രങ്ങൾ കാണുന്നതിനൊപ്പം സേവിങ് ഓപ്ഷൻ കൂടി ധോണി ആപ്പ് ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. ഇതിലെ വാലറ്റ് റീ ചാർജ്ജ് ചെയ്തുകൊണ്ട് സാധനങ്ങൾ വാങ്ങുമ്പോഴും മറ്റും നിരവധി ക്യാഷ് ബാക്ക് ഓഫറുകളും മറ്റു റിവാർഡുകളും ലഭിക്കുമെന്നതും ആപ്പിന്റെ പ്രത്യേകതയാണ്. ഗൂഗിൾപ്ലേ സ്റ്റോറിലും ആപ്പ്സ്റ്റോറിലും ലഭ്യമായ ആപ്പ് എല്ലാവർക്കും സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനാകും. കൂടാതെ, ഇതിലൂടെ ആരാധകർക്ക് ധോണിയുടെ മനോഹര ചിത്രങ്ങൾ സ്വന്തമാക്കുവാനുള്ള അവസരവും ഉണ്ട്.തന്നെ സ്നേഹിക്കുന്നവർക്കുള്ള മൂല്യമേറിയ സമ്മാനമാണ് ധോണി ആപ്പെന്നും ഈ ആപ്പിലൂടെ നിങ്ങൾക്ക് എന്റെ ജീവിതവുമായി കൂടുതൽ അടുക്കുവാനും പരസ്പരം സംവദിക്കാനും സാധിക്കമെന്നും ധോണി പറഞ്ഞു. ഇന്ത്യയിൽ ധോണി ആപ്പ് അവതരിപ്പിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും ലോകമെമ്പാടുമുള്ള ക്രിക്കറ്റ് പ്രേമികൾക്ക് ആപ്പിലൂടെ സ്പെഷ്യൽ ചിത്രങ്ങൾ കാണുവാൻ സാധിക്കുമെന്നും സിംഗിൾ ഐഡി ഗ്ലോബൽ സിഇഒ ബിഷ് സ്മെയർ പറഞ്ഞു.ക്രിക്കറ്റ് ലോകത്ത് ധോണിയുടെ സംഭാവനകൾ ഓർമ്മപ്പെടുത്തുന്ന ഈ ആപ്പ് മഹത്തായ യാത്രയുടെ ഭാഗമാണെന്ന് സിംഗിൾ ഐഡി ഡയറക്ടർ അഡ്വ. സുഭാഷ് മാനുവൽ പറഞ്ഞു. 'കമ്പനിയിൽ ആദ്യം ഇത്തരം ഒരു ആശയം അവതരിപ്പിച്ചപ്പോൾ തുടക്കത്തിൽ പലരും യാഥാർത്ഥ്യമാക്കുവാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞിരുന്നു. എന്നാൽ പ്രവർത്തിച്ച് നോക്കാതെ നോ പറയേണ്ടതില്ലെന്നായിരുന്നു തന്റെ അഭിപ്രായം. ആ നിശ്ചയദാർഢ്യത്തിന്റെ പുറത്താണ് ധോണിയെ കാണുവാൻ ഞങ്ങൾ പോയതും അദ്ദേഹത്തിന്റെ മുമ്പിൽ ഈ പ്രൊജക്ട് അവതരിപ്പിച്ചതും. പദ്ധതിയെ കുറിച്ച് അറിഞ്ഞപ്പോൾ തന്നെ ധോണി യേസ് പറയുകയായിരുന്നു' സുഭാഷ് പറഞ്ഞു. അഭിഭാഷകനായ സുഭാഷ് യു.കെയിലെ പ്രമുഖ ബിസിനസുകാരനാണ്. മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന മോഹൻലാൽ,മമ്മൂട്ടി എന്നിവർ പ്രധാന വേഷത്തിലെത്തുന്ന ചിത്രത്തിന്റെ നിർമാതാക്കളിൽ ഒരാളാണ് ഇദ്ദേഹം. സിനിമ,കായിക മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തി ഈ രംഗത്ത് നൂതന ആശയങ്ങളിലൂടെ നവീന മാറ്റം സൃഷ്ടിക്കുകയാണ് സുഭാഷിന്റെ ലക്ഷ്യം.



## മലയാള നാടകങ്ങൾ മെറ്റ നാടക അവാർഡ് ചുരുക്കപ്പട്ടികയിൽ

**കൊച്ചി:** 20മത് മഹീന്ദ്ര എക്സലൻസ് ഇൻ തിയേറ്റർ (മെറ്റ) അവാർഡിനായുള്ള 10 നാടകങ്ങളുടെ ചുരുക്കപ്പട്ടികയിൽ കേരളത്തിൽ നിന്നുള്ള രണ്ട് നാടകങ്ങൾ ഇടം പിടിച്ചു. ഒ. ടി. ഷാജഹാൻ സംവിധാനം ചെയ്ത ജീവന്റെ മാലാഖ, കണ്ണൻ പാലക്കാട് സംവിധാനം ചെയ്ത കണ്ടോ നിങ്ങൾ എന്റെ കുട്ടിയെ കണ്ടോ എന്നീ നാടകങ്ങളാണ് മഹീന്ദ്ര ഗ്രൂപ്പ് ഏർപ്പെടുത്തിയ നാടക മികവിനുള്ള അവാർഡിനായി ചുരുക്കപ്പട്ടികയിൽ ഇടം പിടിച്ചത്.

കലാരംഗത്തെ പ്രമുഖരായ കുൽജീത്ത് സിങ്ങ്, ദിവ്യ സേത്ത് ഷാ, ദീലീപ് ശങ്കർ, ശങ്കർ വെങ്കിടേശ്വരൻ, അനുരൂപ റോയി എന്നിവരടങ്ങിയ കമ്മിറ്റി 32 ഭാഷകളിൽ നിന്നും ലഭിച്ച 367 എൻട്രികളിൽ നിന്നാണ് 10 നാടകങ്ങൾ തിരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെട്ട നാടകങ്ങൾ മാർച്ച് 13 മുതൽ 20 വരെ ന്യൂഡെൽഹിയിൽ അവതരിപ്പിക്കും. 20ന് കമാനി ഓഡിറ്റോറിയത്തിൽ നടക്കുന്ന അവാർഡ് നൈറ്റിൽ വിജയികളെ പ്രഖ്യാപിക്കും.

ഒരു മണിക്കൂർ 40 മിനിറ്റ് ദൈർഘ്യമുള്ള 'ജീവന്റെ മാലാഖ' രംഗത്ത് അവതരിപ്പിക്കുന്നത് പാലക്കാട്ടെ അത്‌ലറ്റ് കായിക നാടകവേദിയാണ്. ഒരു മണിക്കൂർ ദൈർഘ്യമുള്ള 'കണ്ടോ എന്റെ കുട്ടിയെ കണ്ടോ' എന്ന നാടകം അവതരിപ്പിക്കുന്നത് നവരംഗ് പാലക്കാടാണ്. ഹിന്ദി, ബംഗ്ല, കന്നട, സംസ്കൃതം, ബുന്ദേലി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ളതാണ് ചുരുക്ക പട്ടികയിലെ മറ്റ് നാടകങ്ങൾ.

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമിറ്റ്: കെഫോൺ ഇന്റർനെറ്റ് പാർട്ണർ

**കൊച്ചി:** വ്യവസായ സാധ്യതകളുടെ പുത്തൻ ലോകം തുറക്കുന്നതിനായി കേരളം നടത്തുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമിറ്റ് 2025ന്റെ ഒഫീഷ്യൽ ഇന്റർനെറ്റ് പാർട്ണറായി കെഫോൺ. ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന പരിപാടിക്ക് ആവശ്യമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി കെഫോൺ ഒരുക്കും. കൂടാതെ കെഫോൺ നൽകുന്ന സേവനങ്ങൾ മനസിലാക്കാനും ആസ്വദിക്കാനും കെഫോൺ എക്സ്പീരിയൻസ് സോണും പരിപാടി സ്ഥലത്ത് ഒരുക്കുന്നുണ്ട്. പുതുതായി കെഫോൺ കണക്ഷനും വേണ്ട സേവനങ്ങളും ലഭ്യമാക്കാൻ കെഫോൺ ടീമും സജ്ജമാണ്.കേരളത്തിന്റെ വ്യവസായ സാധ്യതകളുടെ പുതു ചുവടുവെയ്പ്പായ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമിറ്റ് 2025ന് കരുത്ത് പകർന്ന് ഔദ്യോഗിക ഇന്റർനെറ്റ് പാർട്ണറാവുന്നത് കെഫോണിന് അഭിമാനകരമായ നിമിഷമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ്ങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് പറഞ്ഞു. കെഫോണിന്റെ സേവനങ്ങൾ അനുഭവിച്ചറിയാൻ സജ്ജമാക്കുന്ന എക്സ്പീരീയൻസ് സോണിൽ ഒരു ജിബിപിഎസ് ഇന്റർനെറ്റ് കണക്ഷൻ കൂടി ഒരുക്കുന്നുണ്ട്. ഉപയോഗിച്ചറിഞ്ഞ് കെഫോൺ ഉപഭോക്താക്കളാകാൻ ഈ അവസരം എല്ലാവർക്കും ഉപയോഗപ്പെടുത്താം. രാജ്യത്തിന് അഭിമാനമാകുന്ന തലത്തിലേക്ക് ഉയരുന്ന കെഫോണിന്റെ സേവനങ്ങൾ രാജ്യാന്തര തലത്തിലേക്ക് എടുത്തുകാട്ടാൻ ഈ പരിപാടി വഴി കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

KFON
INTERNET - A BASIC RIGHT

